കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ കാങ്കോൽ വില്ലേജിൽ 6/4 (pt) റീസർവേ നമ്പറിൽ ഉൾപ്പെട്ട 5.41 ആർ വസ്തുവിൽ വീട് നിർമ്മിക്കുന്നതിന് തിരുവനന്തപുരം പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നുള്ള 01/12/2015- തീയതിയിലെ N4(a)-78381/2015 നമ്പർ നടപടിക്രമം പ്രകാരം രഘുനാഥ്. ടി.പി-യ്ക്ക് 8,71,000/- രൂപയുടെ ഭവന നിർമ്മാണ വായ്പ അനുവദിച്ചിരുന്നു. കാങ്കോൽ-ആലപ്പടമ്പ ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ രഘുനാഥ്.ടി.പിയ്ക്ക് കാങ്കോൽ വില്ലേജിൽ 6/4 (pt) റീസർവേ നമ്പറിലുള്ള 5.41 ആർ വസ്തുവിൽ വീട് നിർമ്മിക്കുന്നതിന് 13/05/2015-ലെ 17/15-16 നമ്പർ പ്രകാരം കാങ്കോൽ-ആലപ്പടമ്പ ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിടാനുമതി അനുവദിച്ചിട്ടുണ്ട്. ടി ഗ്രാമപഞ്ചായത്ത് സഞ്ചയ സോഫ്റ്റ്വയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം വാർഡ് 11-ൽ 6/4 നമ്പറിൽ ഉൾപ്പെട്ട വസ്തുവിൽ താഴത്തെ നില 140.58 ച.മീ. വിസ്തീർണ്ണത്തിലും, ഒന്നാം നില 77.24 ച.മീ. വിസ്തീർണ്ണത്തിലുമുള്ള വീട് നിർമ്മാണം പൂർത്തീകരിച്ചതായും ടി ഭവനത്തിന് 198/B എന്ന നമ്പർ നൽകിയതായും 1,046/-രൂപ കെട്ടിട നികുതി നിർണ്ണയിച്ചതായും (15/11/2018-തീയതി) രേഖപ്പെടുത്തിയിട്ടുണ്ട്. പരിശോധനയിൽ ഭവന നിർമ്മാണ വായ്പ തുക രഘുനാഥ്.ടി.പി ഭവന നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു.

കാങ്കോൽ വില്ലേജ് ഓഫീസിലെ തണ്ടപ്പേർ അക്കൗണ്ട് നമ്പർ 5809 പ്രകാരം 6/4 റീസർവ്വെ നമ്പറിലുള്ള 5.41 ആർസ് വസ്തുവിന്റെ പട്ടാദാരുടെ പേരായി രഘുനാഥ്.ടി.പി(മരിച്ചു), അവകാശികൾ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 'Legal Heirship Certificate' നമ്പർ Kdis.G1-1529/2019 പ്രകാരം രഘുനാഥ്.ടി.പിയുടെ അനന്തരാവകാശികൾ സീമ.കെ.വി (ഭാര്യ), ഹർഷിത.കെ.വി(മകൾ), കാർത്തിക്.ആർ.നാഥ് (മകൻ), ലക്ഷ്മികുട്ടി.റ്റി.പി(അമ്മ) എന്നിവരാണ്.

സ്ക്വാഡ് നേരിട്ട് നടത്തിയ സ്ഥല സന്ദർശനത്തിൽ കാങ്കോൽ വില്ലേജ് ഓഫീസിലെ 198/B നമ്പറിലുള്ള വീട്ടിൽ സീമ.കെ.വിയും (ഭാര്യ) മക്കളായ ഹർഷിത.കെ.വി, കാർത്തിക്.ആർ.നാഥ് എന്നിവരും താമസിച്ച് വരുന്നതായി ബോധ്യപ്പെട്ടു.

<u>നിർദ്ദേശം</u>

ഭവന നിർമ്മാണ വായ്പയായി ലഭിച്ച തുക രഘുനാഥ്.ടി.പി (പരേതൻ) ഭവന നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുണ്ടെന്നും, പ്രസ്തുത ഭവനത്തിൽ പരേതന്റെ അനന്തരാവകാശികൾ (ഭാര്യയും മക്കളും) താമസിച്ച് വരുന്നുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ ധനകാര്യ (എച്ച്.ബി.എ) വകുപ്പിന് പരാമർശിത ഭവന നിർമ്മാണ വായ്പ എഴുതി തള്ളുന്നത് സംബന്ധിച്ച് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

AJAYAKUMAR K S

അഡിഷണൽ സെക്രട്ടറി

**GOVERNMENT OF KERALA**

No. E-1551871/IW-E2/2020/Fin

Finance Inspection (NT-E) Department
Thiruvananthapuram
Dated:16-06-2022

**സീനിയർ സിവിൽ പോലീസ് ഓഫീസർ ആയിരിക്കെ മരണമടഞ്ഞ വിജയകുമാർ. കെ.വി-യുടെ ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധനയുടെ റിപ്പോർട്ട്**

സീനിയർ സിവിൽ പോലീസ് ഓഫീസർ ആയിരിക്കെ മരണമടഞ്ഞ **വിജയകുമാർ.കെ.വി-യുടെ** ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് 17/07/2017 തീയതിയിലെ സ.ഉ.(പി)നം. 91/17/ധന ഉത്തരവ് പ്രകാരമുള്ള പരിശോധന നടത്തുന്നതിനായി കണ്ണൂർ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് 11/05/2022 തീയതിയിൽ പാണപ്പുഴ വില്ലേജ് ഓഫീസ്, കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്, റീ സർവേ നമ്പർ 26/4-ൽ ടിയാൻ നിർമ്മിച്ച ഭവനം എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ചെയ്തു. പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ ചേർക്കുന്നു.

**വിജയകുമാർ കെ.വി-ക്ക് (പരേതൻ)** സ്റ്റേറ്റ് പോലീസ് ചീഫിന്റെ 02/11/2011 തീയ്യതിയിലെ N4-57094/2011 നമ്പർ ഉത്തരവ് പ്രകാരം **8,71,000/** രൂപ ഭവന നിർമ്മാണ വായ്പ അനുവദിച്ചിരുന്നു. വിജയകുമാർ.കെ.വി-ക്ക് റീ സർവ്വേ നമ്പർ 26/4, പാണപ്പുഴ അംശം, ആലക്കാട് ദേശം എന്ന വിലാസത്തിൽ വീട് നിർമ്മിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലായെന്ന കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 14/02/2011 തീയതിയിൽ അനുവദിച്ച NOC-യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് അസ്സെസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ച് നികുതി നിർണ്ണയം നടത്തിയിട്ടില്ല എന്ന് കണ്ടെത്തി. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി മരണപ്പെട്ട വിജയകുമാർ.കെ.വി.ക്ക് അനുവദിക്കപ്പെട്ട NOC പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിച്ചതായി സാക്ഷ്യ പത്രം ലഭ്യമാക്കുകയോ,

കെട്ടിട നമ്പർ അനുവദിക്കുന്നതിന് അപേക്ഷ ലഭിക്കുകയോ ചെയ്യാത്തതിനാൽ നികുതി നിർണ്ണയം നടത്തുകയോ കെട്ടിട നമ്പർ അനുവദിക്കുകയോ ചെയ്തിട്ടില്ലായെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പാണപ്പുഴ വില്ലേജ് ഓഫീസിൽ നടത്തിയ പരിശോധനയിൽ പരേതനായ വിജയകുമാർ.കെ.വി എന്നവരുടെ പേരിൽ രജിസ്റ്റർ ചെയ്ത 26/4 സർവ്വെ നമ്പറിലെ 8 സെന്റ് ഭൂമിയിൽ കേരള സർക്കാർ അനുവദിച്ച എച്ച്.ബി.എ ഉപയോഗപ്പെടുത്തി ഭവന നിർമ്മാണം നടത്തിയിട്ടുണ്ടെന്നും, പ്രസ്തുത ഭവനത്തിൽ പരേതന്റെ അവകാശികളാരും തന്നെ താമസിക്കുന്നില്ലെന്നും, കെ.ബി.ടി പ്രകാരമുള്ള നികുതി വസൂലാക്കിയിട്ടില്ലെന്നുമുള്ള സാക്ഷ്യപത്രം പാണപ്പുഴ വില്ലേജ് ഓഫീസറും ലഭ്യമാക്കിയിട്ടുണ്ട്. ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ് പ്രകാരം വിജയകുമാർ കെ.വി യുടെ അനന്തരാവകാശികൾ ഗീത.കെ (ഭാര്യ), വിനായക്.കെ (മകൻ), മാളവിക. കെ (മകൾ) വിജയമ്മ.ടി.ആർ (മാതാവ്) എന്നിവരാണ്.

ലൊക്കേഷൻ സ്കെച്ച് പ്രകാരമുള്ള 26/4 ഉൾ പ്പെട്ട 8 സെന്റ് ഭൂമിയിൽ ഭവന വായ്പ തുക ഉപയോഗിച്ച് വിജയകുമാർ.കെ.വി വീട് നിർമ്മിച്ചിട്ടുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി. എന്നാൽ ടി ഭൂമിക്ക് തണ്ടർപ്പേർ അക്കൗണ്ട് നമ്പരോ ടി ഭവനത്തിന് കെട്ടിട നമ്പരോ എടുത്തിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. കൂടാതെ വിജയകുമാറിന്റെ അവകാശികളാരും തന്നെ ടി ഭവനത്തിൽ സ്ഥിര താമസമില്ല. ടിയാന്റെ ഭാര്യയ്ക്ക് ആശ്രിത നിയമനം ലഭിച്ചിട്ടുണ്ട്. ഭവനം സ്ഥിതി ചെയ്യുന്ന സ്ഥലം പൊതു യാത്ര സൗകര്യം കുറഞ്ഞതും ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിന്ന് വളരെ അകലെയുള്ളതുമായതിനാൽ ജോലി സൗകര്യാർത്ഥം ടിയാരി (ഭാര്യ) മക്കളുമൊത്ത് ഓഫീസിനടുത്ത് താമസിച്ച് വരുന്നതായി പരേതന്റെ സഹോദരൻ അറിയിക്കുകയുണ്ടായി.

**<u>നിർദ്ദേശം</u>**

വിജയകുമാർ.കെ.വി (പരേതൻ) ഭവന വായ്പ, ഭവന നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിലും, അവകാശികൾ ടി ഭവനത്തിൽ സ്ഥിര താമസമില്ലായെന്നു ബോധ്യപ്പെട്ട സാഹചര്യത്തിലും ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ (എച്ച്.ബി.എ) വകുപ്പിന് ഉചിതമായ തീരുമാനം കൈകൊള്ളാവുന്നതാണ്.

AJAYAKUMAR K S
അഡിഷണൽ സെക്രട്ടറി

<u>എടത്വാ സെന്റ് അലോഷ്യസ് കോളേജിൽ ആലപ്പുഴ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയുടെ റിപ്പോർട്ട്.</u>

എടത്വാ സെന്റ് അലോഷ്യസ് കോളേജ് പ്രിൻസിപ്പലായിരുന്ന ഡോ.സാബൻ.കെ.വി-യ്ക്ക് എതിരെയുള്ള ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചുള്ള കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗത്തിനെക്കൊണ്ട് പരിശോധിപ്പിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് തീരുമാനിക്കുകയും പ്രസ്തുത റിപ്പോർട്ട് ധനകാര്യ വകുപ്പിന് കൈമാറുകയും ചെയ്തിരുന്നു. തുടർന്ന് റിപ്പോർട്ടിലെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യാൻ ആലപ്പുഴ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തെ ചുമതലപ്പെടുത്തുകയും 2019 ഡിസംബർ 11-ന് അന്വേഷണം ആരംഭിക്കുകയും 2020 ജനുവരി, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ തുടരന്വേഷണം നടത്തുകയും ചെയ്തു. പ്രിൻസിപ്പൽ ശ്രീ.ജോച്ചൻ ജോസഫ് പരിശോധനാ സമയത്ത് ഹാജരുണ്ടായിരുന്നു. പരാതിയുമായി ബന്ധപ്പെട്ട വിവിധ ഫയലുകൾ, രേഖകൾ, അക്കൗണ്ട് വിവരങ്ങൾ, മറ്റു വിശദാംശങ്ങൾ എന്നിവ പരിശോധനാവിധേയമാക്കി. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലുകളും ശിപാർശകളും ചുവടെ ചേർക്കുന്നു:

1. ***<u>കാഷ് ബുക്ക്</u>***

പരിശോധന ആരംഭിച്ച തീയതിയായ 11/12/2019-ലെ കാഷ് ബുക്കിലെ നീക്കിയിരിപ്പ് തുക 86,926.50/- രൂപയായിരുന്നു. ഭൗതിക പരിശോധനയിലും ടി തുക കാഷ്യറുടെ കൈവശമുള്ളതായി ബോദ്ധ്യപ്പെട്ടു.ഈ തുക ഫീസ് ആനുകൂല്യമായി വിദ്യാർത്ഥികൾക്ക് തിരികെ നൽകുന്നതിനായുള്ള തുകയായതിനാൽ വിദ്യാർത്ഥികൾക്ക് അറിയിപ്പ് നല്കിയതിനു ശേഷം ബാങ്കിൽ നിന്നും തുക പിൻവലിച്ചിരുന്നതാണെന്നും, എന്നാൽ അറിയിപ്പ് നൽകിയിട്ടും വിദ്യാർത്ഥികൾ തുക കൈപ്പറ്റാൻ ഹാജരാകാതിരുന്നതിനാലാണ് അധികം തുക കാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടി വന്നതെന്നുമാണ് കോളേജ് അധികൃതർ അറിയിച്ചത്. എന്നാൽ അനുവദനീയമായതിൽ കൂടുതൽ തുക ക്യാഷ് ചെസ്റ്റിൽ അനന്തമായി സൂക്ഷിക്കുന്നത് ശരിയായ പ്രവണതയല്ല. **തുക കൈവശം സൂക്ഷിക്കുമ്പോൾ കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 40 അനുശാസിക്കും പ്രകാരമുള്ള നിബന്ധനകൾ (Standards of financial propriety) പാലിക്കുന്നുവെന്ന് പ്രിൻസിപ്പൽ ഉറപ്പു വരുത്തേണ്ടതാണ്. ആവശ്യത്തിൽ കൂടുതൽ പണം പിൻവലിച്ച് കൈവശം സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.**

2. ***<u>ബാങ്ക് അക്കൗണ്ടുകളെ സംബന്ധിച്ച വിവരങ്ങൾ</u>***

ചുവടെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ സ്ഥാപനത്തിൽ നിലനിർത്തിയിരിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

| Sl. No. | A/c No. & Type of A/c (SB/current etc.) | Bank | Purpose/ Description | Balance as on 01/01/2020 |
|---|---|---|---|---|
| 1 | 25060100010940 SB A/c | Bank of Baroda | Walk with scholar | 99,232.15/- |
| 2 | 3584101004450 | Canara Bank | Department of Science & Technology - fund for | 5,69,315/- |

| | | | | |
|---|---|---|---|---|
| | SB A/c | | improvement of Science and Technology | |
| 3 | 3584101005689 SB A/c | Canara Bank | RUSA | 35,38,638/- |
| 4 | 0701101053581 SB A/c | Canara Bank | UGC A/C | 9,69,464/- |
| 5 | 3584101005604 SB A/c | Canara Bank | Scholar Support Programme | 81,328/- |
| 6 | 30574904259 Current A/c | State Bank of India | E grants | 6,31,028. 50/- |
| 7 | 67089031165 | State Bank of India | Scholarship | 1,43,747. 00/- |

DETAILS OF TREASURY ACCOUNTS (TSB/PTSB/PDA/CS)

| | | | | |
|---|---|---|---|---|
| 1 | 799011700000032 | Sub Treasury Edathua | Special Fees | 21,87,760 |
| 2 | 799011700000033 | Sub Treasury Edathua | PD Account | 11,79,093 |

*ഓരോ പദ്ധതി നിർവ്വഹണത്തിന് ശേഷവും വിവിധ അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ (Walk with Scholar & Scholar Support Scheme -2202-03-911-99, E-Grants-2225-01-911-99 എന്നീ ശീർഷകങ്ങളിലും സ്കോളർഷിപ്പ് ബാലൻസ് സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്,കോളേജിയേറ്റ് എഡ്യൂക്കേഷൻ തിരുവനന്തപുരം ഓഫീസിലും യു.ജി.സി സ്കീമുകളുടെ ബാലൻസ് ബന്ധപ്പെട്ട യു.ജി.സി അക്കൗണ്ടുകളിലേക്കും) തിരിച്ചടച്ച് അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതാണ്.*

**3.1.പ്രിൻസിപ്പാളിനെതിരെ ശ്രീ. ജോർജ്ജുകുട്ടി വർഗ്ഗീസ് ഉന്നയിച്ചിരുന്ന പരാതികളും അന്വേഷണ വിശദാംശങ്ങളും**

**3.1.1 കാഷ് ബുക്കിൽ പ്രിൻസിപ്പൽ കൃത്യമായി ഒപ്പുവയ്ക്കാറില്ലെന്ന പരാതി**

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനയിൽ ക്യാഷ് ബുക്കിൽ നാളിതുവരെയുള്ള എല്ലാ ഇടപാടുകളും രേഖപ്പെടുത്തിയിട്ടുള്ളതായും അവയെല്ലാം പ്രിൻസിപ്പലിന്റെ മേലൊപ്പ് ലഭിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്.

3.1.2 **എസ്സ്.സി / എസ്സ്.റ്റി വിദ്യാർത്ഥികളുടെ ഇൻസെന്റീവുകൾ കൃത്യമായി വിതരണം ചെയ്യുന്നില്ലായെന്ന ആരോപണം**

പരാതിയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളുടെ യഥാർത്ഥ വസ്തുത കണ്ടെത്തുന്നതിലേയ്ക്കായി 2016-17 മുതലുള്ള ഇ-ഗ്രാന്റ്സ്, വിവിധ സ്കോളർഷിപ്പുകൾ, കോഷൻ ഡിപ്പോസിറ്റ് എന്നിവയുടെ വിതരണം സംബന്ധിച്ച വിശദാംശങ്ങൾ അന്വേഷണക്കുറിപ്പ് വഴി ശേഖരിക്കുകയുണ്ടായി. ഇതിന്റെ വിശദവിവരങ്ങൾ ചുവടെയുള്ള പട്ടികയിൽ ചേർത്തിരിക്കുന്നു:

| വർഷം | ഇനം | മുൻബാക്കി | തനതുവർഷം അനുവദിക്കപ്പെട്ട തുക | ചിലവാക്കിയ തുക | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| 2016-17 | e-Grants | 9,23,490/-രൂപ | 26,96,015/-രൂപ | 24,96,145/-രൂപ | 11,23,360/-രൂപ |
| | Caution Deposit | 10,04,344/-രൂപ | 1,10,160/-രൂപ | 60,000/-രൂപ | 10,54,504/-രൂപ |
| 2017-18 | e-Grants | 11,23,360/-രൂപ | 29,53,172/-രൂപ | 31,84,079/-രൂപ | 8,92,453/-രൂപ |
| | Scholorship | 1,22,764/-രൂപ | 12,721/-രൂപ (Interest 4,721 രൂപ) | 0 | 1,35,485/-രൂപ |
| | Caution Deposit | 10,54,504/-രൂപ | 1,02,960/-രൂപ | 80,000/-രൂപ | 10,77,464/-രൂപ |
| 2018-19 | e-Grants | 8,92,453/-രൂപ | 19,10,299/-രൂപ | 16,54,430/-രൂപ | 11,48,322/-രൂപ |
| | Scholorship | 1,35,485/-രൂപ | 17,664/-രൂപ (Interest 5,164) | 0 | 1,53,149/-രൂപ |
| | Caution Deposit | 10,77,464/-രൂപ | 1,12,793/-രൂപ | 1,05,000/-രൂപ | 10,85,257/-രൂപ |
| 2019-20 | e-Grants | 11,48,322/-രൂപ | 14,23,548/-രൂപ | 17,87,801/-രൂപ | 7,84,069/-രൂപ |
| | Scholorship | 1,53,149/-രൂപ | 19,098/-രൂപ (Interest 3,496) | 28,500/-രൂപ | 1,43,747/-രൂപ |
| | Caution Deposit | 10,85,257/-രൂപ | 1,13,520/-രൂപ | 35,000/-രൂപ | 11,63,777/-രൂപ |

*എടത്വാ SBI ശാഖയിലെ 3057 490 4259-ാം നമ്പർ കറന്റ് അക്കൗണ്ടിലൂടെയാണ് ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ നടത്തിവരുന്നത്. ടി അക്കൗണ്ട് ആരംഭിച്ചത് 19-11-2008-ലാണ്. ടി അക്കൗണ്ടിലെ 15/01/2020ലെ നീക്കിയിരിപ്പുതുക 6,31,028/- രൂപയാണ്. വിവിധ ഗ്രാന്റുകളുടെ വിതരണ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ഇ-ഗ്രാന്റ്സിന്റെ വിതരണത്തിൽ അസ്വാഭാവികമായി ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല. ആയതിനാൽ പരാതിയിലെ ആരോപണം വസ്തുതാവിരുദ്ധമാണെന്ന് കാണുന്നു.*

***കോഷൻ ഡിപ്പോസിറ്റ് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിൽ പൂർവ്വവിദ്യാർത്ഥികൾ കൈപ്പററാത്തതിനാൽ ഭീമമായ തുക നീക്കിയിരിപ്പുള്ളതായി കാണുന്നു. നിലവിൽ കലാലയത്തിൽ പഠിക്കുന്ന കുട്ടികൾക്ക് വിതരണം ചെയ്യുവാൻ ആവശ്യമായ തുക കിഴിച്ച് മിച്ചമുള്ള തുക ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ROP ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.***

3.1.3 ***മെട്രിക്കുലേഷൻ ഫീസ് കൃത്യമായി യൂണിവേഴ്സിറ്റിയ്ക്ക് അയച്ചുനൽകുന്നില്ലെന്നും അതുമൂലം വിദ്യാർത്ഥികൾക്ക് നഷ്ടമുണ്ടാകുന്നുവെന്നുമുള്ള പരാതി.***

ഇത് സംബന്ധിച്ച അന്വേഷണത്തിൽ SC/OEC കുട്ടികൾ ഒഴികെ എല്ലാ കുട്ടികളും മെട്രിക്കുലേഷൻ ഫീ, യൂണിവേഴ്സിറ്റി (CAP) അഡ്മിഷൻ പോർട്ടലിൽ അടക്കുന്നുണ്ടെന്നും SC/OEC കുട്ടികളുടെ സ്പെഷ്യൽ ഫീസുകൾ ഹരിജൻ വെൽഫെയർ ഓഫീസിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് കോളേജിൽ നിന്നും യൂണിവേഴ്സിറ്റിയിലേക്ക് നേരിട്ട് അടക്കുകയാണ് ചെയ്യുന്നതെന്നും പരിശോധനയിൽ ബോദ്ധ്യമായിട്ടുണ്ട്. കഴിഞ്ഞ നാലു വർഷങ്ങളിൽ മെട്രിക്കുലേഷൻ ഫീസുകൾ യൂണിവേഴ്സിറ്റിയിലേക്ക് ഒടുക്കുവരുത്തിയതിന്റെ വിവരങ്ങൾ ചുവടെയുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു:

| ക്രമ നം | വർഷം | തുക | ചലാൻ നമ്പരും തീയതിയും |
|---|---|---|---|
| 1 | 2015-16 | 7,400/- | 293240 dtd 02/06/2016 |
| 2 | 2016-17 | 13,900/- | DD No. 098433 dtd 15/05/2017 |
| 3 | 2017-18 | 9,300/- | 1710544009 dtd 12/06/2018 |
| 4 | 2018-19 | 11,000/- | 1810418730 dtd 12/06/2019 |

മെട്രിക്കുലേഷൻ ഫീസുകൾ കൃത്യമായി ഒടുക്കുവരുത്തുന്നതായി ബോദ്ധ്യപ്പെട്ടതിനാൽ ഇത് സംബന്ധിച്ച പരാതി വസ്തുതാവിരുദ്ധമാണെന്ന് കാണുന്നു.

3.1.4 ***സയൻസ് ആന്റ് ടെക്നോളജിയുടെ ഫണ്ട് പ്രിൻസിപ്പാൾ ദുരുപയോഗം ചെയ്യുന്നുവെന്ന പരാതി.***

*സയൻസ് ആന്റ് ടെക്നോളജിയുടെ ഫണ്ട് പ്രിൻസിപ്പൽ ദുരുപയോഗം ചെയ്യുന്നുവെന്ന് ശ്രീ.ജോർജ്ജുകുട്ടി വർഗ്ഗീസ് നൽകിയ പരാതിയിലും, തെറ്റായ വിവരങ്ങൾ നൽകി DST-FIST ഫണ്ട് നേടിയെടുക്കുവാൻ സമ്മർദ്ദം ചെലുത്തിയെന്നും അതിന് കൂട്ടാക്കാതിരുന്നതിനെത്തുടർന്ന് തനിക്കെതിരേ പല തരത്തിലുള്ള കുറ്റാരോപണങ്ങൾ ചുമത്തുകയും തെറ്റായ വിവരങ്ങൾ കാണിച്ചുകൊണ്ട് മെമ്മോകൾ നൽകിയതായി*

ഡോ.എൻ.സുജ നൽകിയ പരാതിയിലും ആരോപിച്ചിരിക്കുന്നു.

നൂതന വിഷയങ്ങളെ അധികരിച്ച് യൂണിവേഴ്സിറ്റികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഗവേഷണ പരിപാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, നവാഗത പ്രതിഭകളെ ഉയർത്തിക്കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് 2000-ൽ കേന്ദ്ര ശാസ്ത്ര-സാങ്കേതികമന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര-സാങ്കേതിക വകുപ്പ് (Dept. of Science and Technology) ആരംഭിച്ച പദ്ധതിയാണ് Fund for Improvement of S&T Infrastructure in Universities and Higher Educational Institutions (FIST). ഉന്നതനിലവാരമുള്ള വിദ്യാഭ്യാസ ഗവേഷണ പരിപാടികൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനും പദ്ധതി ലക്ഷ്യമിട്ടിരുന്നു. സ്വന്തം നിലയ്ക്ക് ബിരുദാനന്തരബിരുദതലത്തിലുള്ള അദ്ധ്യാപന-ഗവേഷണ പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയ വകുപ്പുകൾ നിലവിലുള്ള കോളേജുകൾക്ക് ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ളതാണ്.എടത്വാ സെന്റ് അലോഷ്യസ് കോളിജിന് FIST-2016 Level 0 Scheme-ൽ ഉൾപ്പെടുത്തി ഫണ്ട് ലഭിക്കുന്നതിനായി 25/05/2016-ൽ 213.055 ലക്ഷം രൂപ അടങ്കൽത്തുകയുള്ള പദ്ധതിരേഖ ശാസ്ത്ര-സാങ്കേതിക വകുപ്പ് മുമ്പാകെ സമർപ്പിച്ചിരുന്നു. പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ ഗ്രൂപ്പിന്റെ (PIG) ചെയർമാൻ അന്നത്തെ കോളേജ് പ്രിൻസിപ്പലായിരുന്ന ശ്രീ.കെ.വി.സാബനും, സെക്രട്ടറി ശ്രീ. ജോച്ചൻ ജോസഫും ആയിരുന്നു. പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചതിനെത്തുടർന്ന് ശാസ്ത്ര-സാങ്കേതികവകുപ്പിന്റെ (Dept. of Science and Technology) 2-2-2018-ലെ SR/FST-College-309/2016-ാം നമ്പർ ഉത്തരവിൻപ്രകാരം **95,00,000/-**(തൊണ്ണൂറ്റിയഞ്ചു ലക്ഷം) രൂപ കോളേജിന്റെ നിർദ്ദിഷ്ട വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കുകയുണ്ടായി. ടി തുകയിൽ **77,00,000/-**(എഴുപത്തിയേഴ് ലക്ഷം) രൂപ 06/02/2018ൽ ആദ്യ ഗഡുവായി പ്രൻസിപ്പലിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടു.ധനസഹായം ലഭിക്കുന്നതിനുവേണ്ടി നൽകിയ അപേക്ഷയിലെ 1(ഡി) പ്രകാരം നൽകിയ വിവരങ്ങളിൽ കോളജിൽ മൂന്ന് PG കോഴ്സുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കിയിട്ടുള്ളതായി കാണുന്നു.ഇവയിൽ രണ്ടെണ്ണം ജനറലും (ഫിസിക്സ്, മാത്ത്സ്) ഒരെണ്ണം എയ്ഡഡ് മേഖലയിലും (സുവോളജി) ആയിരുന്നു. സുവോളജി വിഭാഗത്തിലെ ബിരുദാനന്തര-ബിരുദ കോഴ്സ് എയ്ഡഡ് മേഖലയിലുള്ളതും 2013-ൽ ആരംഭിച്ചിട്ടുള്ളതുമാണെന്നാണ് അപേക്ഷയിൽ ബോധിപ്പിച്ചിട്ടുള്ളത്. എന്നാൽ സുവോളജിയിലെ PG കോഴ്സ് സെൽഫ് ഫിനാൻസിങ്ങ് ആണെന്നും ആയത് ശാസ്ത്ര-സാങ്കേതിക വകുപ്പിൽനിന്നും മറച്ചുവച്ച് FIST-ഫണ്ടിനത്തിൽ 95 ലക്ഷം രൂപ നേടിയെടുത്തുവെന്നും ഇതിന് കൂട്ടുനിന്നത് പ്രിൻസിപ്പൽ ശ്രീ.സാബൻ.കെ.വി ആണെന്നുമാണ് പരാതിയിലെ ആക്ഷേപം.

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണത്തിൽ ശാസ്ത്ര-സാങ്കേതിക വകുപ്പിന്റെ വെബ് സൈറ്റിൽ FIST ഫണ്ട് ലഭിക്കുന്നതിനുള്ള യോഗ്യതകളും മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ വിശകലനം ചെയ്യുകയുണ്ടായി. അതിൻപ്രകാരം, കുറഞ്ഞത് മൂന്നു വർഷമായി PG കോഴ്സുകൾ കൈകാര്യം ചെയ്തുവരുന്ന അംഗീകൃത (അക്രെഡിറ്റഡ്) കോളേജുകൾക്ക് FIST ഫണ്ട് ലഭിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ് എന്നു ബോദ്ധ്യമായിട്ടുണ്ട്. Level 0 / College as a whole എന്ന വിഭാഗത്തിൽപ്പെടുന്ന അപേക്ഷയാണ് എടത്വാ സെന്റ് അലോഷ്യസ് കോളേജ് നൽകിയിട്ടുള്ളത്. പ്രസ്തുത വിഭാഗം അപേക്ഷകർക്ക് എത്ര എണ്ണം ബിരുദാനന്തര ബിരുദ കോഴ്സുകൾ ഉണ്ടായിരിക്കണമെന്നതു

സംബന്ധിച്ച് യാതൊരു നിബന്ധനയും വെബ്സൈറ്റിൽ സൂചിപ്പിച്ചിട്ടില്ല. കോളേജുകളിലെ ശാസ്ത്ര-സാങ്കേതിക വകുപ്പുകളുടെ ബിരുദാനന്തരബിരുദ വിഭാഗങ്ങളെയാണ്, ആർട്സ് വിഷയങ്ങളെയല്ല, Level 0/ College as a whole പദ്ധതിയിൽ പരിഗണിക്കുകയെന്ന് അനുബന്ധ മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്.

കുറഞ്ഞത് മൂന്ന് PG കോഴ്സുകൾ കൈകാര്യം ചെയ്യുന്ന കോളേജുകളാണോ ഫണ്ടിന് അർഹതയുള്ളത് എന്നതു സംബന്ധിച്ച് കോളേജിന് ആശയക്കുഴപ്പം ഉണ്ടായതിനാൽ ലഭിച്ച ഫണ്ട് നിർദ്ദിഷ്ട സമയത്ത് ചെലവഴിക്കപ്പെട്ടിരുന്നില്ല. ഇക്കാര്യത്തിൽ സംശയനിവൃത്തിവരുത്തുന്നതിന് കോളേജധികാരികൾ ശാസ്ത്ര-സാങ്കേതിക വകുപ്പിന് 04/02/2019-ൽ കത്തയയ്ക്കുകയും 12/02/2019-ന് മറുപടി ലഭിക്കുകയും ചെയ്തതായി കാണുന്നു. പ്രസ്തുത മറുപടിയിൽ മൂന്ന് PG കോഴ്സുകൾ പ്രവർത്തിക്കുന്ന കോളേജുകൾക്കേ FIST ഫണ്ടിന് അർഹതയുള്ളൂ എന്നതരത്തിൽ പ്രചരിച്ച കാര്യങ്ങളിൽ വാസ്തവമില്ലായെന്നും, എടത്വാ, സെന്റ് അലോഷ്യസ് കോളേജ് ഫണ്ട് ലഭിക്കുവാൻ അർഹരാണെന്നും ശാസ്ത്ര-സാങ്കേതിക വകുപ്പ് വ്യക്തമാക്കിയിട്ടുള്ളതാണ്. **ഈ അറിയിപ്പിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് വിനിയോഗിക്കുവാനുള്ള തുടർനടപടികൾ ഈ കാര്യാലയം കൈക്കൊണ്ടിട്ടുള്ളതെന്നു കാണുന്നു. അതിനാൽ തെറ്റായ വിവരങ്ങൾ നൽകിയാണ് ഫണ്ട് നേടിയെടുത്തത് എന്ന ആരോപണത്തിൽ കഴമ്പില്ല.**

3.1.5 <u>രണ്ടു തവണ യൂണിവേഴ്സിറ്റി ചോദ്യപേപ്പർ മാറി പൊട്ടിച്ചതു മൂലം യൂണിവേഴ്സിറ്റിയ്ക്ക് നഷ്ടപരിഹാരം കൊടുക്കേണ്ടിവന്നുവെന്ന പരാതി സംബന്ധിച്ച്.</u>

ഈ കോളേജിലെ യൂണിവേഴ്സിറ്റി പരീക്ഷാ നടത്തിപ്പിനിടയിൽ ചോദ്യപേപ്പർ മാറി പൊട്ടിച്ചതുമായി ബന്ധപ്പെട്ട വിഷയത്തിൻമേൽ ടി കാര്യാലയത്തിൽ നിന്നും ലഭിച്ച മറുപടി പ്രകാരം 3-8-2017-ന് നടക്കേണ്ടിയിരുന്ന രണ്ടാം സെമസ്റ്റർ ബി.കോം.സി.ബി.സി.എസ്.എസ്-ന്റെ സപ്ളിമെൻററി ചാൻസ് പരീക്ഷകൾ സർവകലാശാല മാറ്റിവച്ചത് ശ്രദ്ധയിൽപ്പെടാതെ ടി പരീക്ഷയുടെ രണ്ട് ചോദ്യപേപ്പറുകൾ പൊട്ടിച്ച സംഭവത്തിൽ, പരീക്ഷകൾ റദ്ദാക്കുകയും 21/08/2017-ൽ പുന:പരീക്ഷ നടത്തുകയും ഇതിലേയ്ക്കായി **46,940/- രൂപ** പിഴ ഈടാക്കുകയുംചെയ്തിട്ടുണ്ട്. ടി തുക 31/01/2018-ന് അക്കൗണ്ട് നമ്പർ 25060100001043-ൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 12-7-2018-നും ബി.കോം സപ്ലിമെന്ററി പരീക്ഷയുടെ ചോദ്യപേപ്പർ തെറ്റായി പൊട്ടിക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൻമേൽ 6/09/2018-ലെ വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം 09/10/2018-ന് പുന:പരീക്ഷ നടത്തുകയുണ്ടായി. എന്നാൽ, ഇതുമായി ബന്ധപെട്ട പിഴത്തുകയെ സംബന്ധിച്ച ഒരറിയിപ്പും യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. 22/03/2019-ൽ യൂണിവേഴ്സിറ്റി പരീക്ഷകളുടെ ചീഫ് സൂപ്രണ്ട് സ്ഥാനത്തുനിന്ന് അന്നത്തെ പ്രിൻസിപ്പലായിരുന്ന ഡോ. സാബൻ കെ.വി-യെ മാറ്റിനിർത്തി അന്വേഷണം നടത്താൻ യൂണിവേഴ്സിറ്റി ഉത്തരവിട്ടു. ഇതിനെതിരെ ഡോ.സാബൻ കെ.വി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയിട്ടുള്ള കേസ് നടന്നുവരുന്നു. പരീക്ഷാ നടത്തിപ്പിൽ ഉണ്ടായ വീഴ്ചയിൽ ബന്ധപ്പെട്ടവർക്കെതിരെ യൂണിവേഴ്സിറ്റി നടപടി സ്വീകരിക്കുയും യൂണിവേഴ്സിറ്റിക്ക് ഉണ്ടായ നഷ്ടം ഈടാക്കുകയും ചെയ്തിട്ടുള്ളതിനാൽ പരാതിയിൽ തുടർ നടപടികൾ ആവശ്യമുള്ളതായി കാണുന്നില്ല.

**3.1.6 ഡോ. സാബന്റെ നിയമനം UGC മാനദണ്ഡങ്ങൾ പാലിച്ചല്ല എന്ന പരാതി സംബന്ധിച്ച്.**

എടത്വാ സെന്റ് അലോഷ്യസ് കോളേജിൽ പ്രിൻസിപ്പലിനെ നിയമിക്കുന്നതിനായി 22/02/2015-ൽ മലയാള മനോരമ, 21/02/2015-ൽ ദീപിക, 21/02/2015-ൽ ദി ഹിന്ദു എന്നീ പ്രമുഖ ദിനപത്രങ്ങളിൽ പരസ്യം നൽകുകയും മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ Statute 6, Part B, Chapter 45, 1997 അനുസരിച്ച് രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി മുമ്പാകെ ഫാ. ഡോ .ബേബി ജോസഫ്, ഡോ. സാബൻ.കെ.വി. എന്നിവരുടെ (രണ്ടുപേരുടെ) അപേക്ഷകൾ പരിഗണനയ്ക്കായി വരികയുമുണ്ടായി. ഫാദർ ജോൺ മണക്കുന്നേൽ ചെയർമാനായ സെലക്ഷൻ കമ്മറ്റിയിൽ സർക്കാർ പ്രതിനിധിയായി ശ്രീ.ബെൻസി ജെ., അഡീഷണൽ സെക്രട്ടറി; സർവ്വകലാശാലയുടെ പ്രതിനിധിയായി ജോയിന്റ് രജിസ്ട്രാർ ,ശ്രീമതി.ഓമന.ഡി.; കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ഡോ.ജെ. വിജയ മോഹൻ; മാനേജ്മെന്റ് പ്രതിനിധിയായി ചങ്ങനാശ്ശേരി സെന്റ്. ബർക്കുമാൻസ് കോളേജ് മാനേജർ, റവ.ഡോ.ജെയിംസ് പാലക്കൽ എന്നിവർ ഉൾപ്പെട്ടിരുന്നു.ഈ സെലക്ഷൻ കമ്മിറ്റിയാണ് 100-ൽ 91 പോയിന്റ് നൽകി ശ്രീ. സാബൻ.കെ.വി-യെ പ്രിൻസിപ്പലായി തെരഞ്ഞെടുത്തത്. മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ 03.12.2015 തീയതിയിലെ UO No. 6972/B1/2015/Acad നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പലായി നിയമിതനായ ടിയാൻ 11/06/2015 FN-ൽ പ്രിൻസിപ്പളിന്റെ ചുമതലയേറ്റെടുത്തു. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാതിയിലെ ആരോപണം ശരിയല്ലെന്ന് കാണാവുന്നതാണ്.

**3.2 ഡോ.എൻ.സുജ ഉന്നയിച്ചിട്ടുള്ള പരാതികൾ**

3.2.1. പരീക്ഷാ ഡ്യൂട്ടിയുടെ അടിസ്ഥാനത്തിലുള്ള ഡ്യൂട്ടി ലീവുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൗണ്ടർസൈൻ ചെയ്ത് ഏൺഡ് ലീവ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പ്രിൻസിപ്പലിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല, ഇൻവിജിലേഷൻ ഡ്യൂട്ടിയുമായി ബന്ധപ്പെട്ട പ്രതിഫലം കൃത്യമായി നൽകുന്നില്ല, എസ്.എൽ.ഐ. ജി.ഐ.എസ്. പി.എഫ്. (SLI, GIS, PF) എന്നിവയുടെ രേഖകൾ സമയാസമയങ്ങളിൽ ലഭ്യമാക്കിയിട്ടില്ല എന്നിവയാണ് ഡോ. എൻ.സുജയുടെ പ്രധാന പരാതികൾ.

പരീക്ഷാ ഡ്യൂട്ടിയുടെ അടിസ്ഥാനത്തിലുള്ള ഏൺഡ് ലീവുകൾ അതാത് ഉദ്യോഗസ്ഥരുടെ സേവന പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്ന ജോലികൾ പുരോഗമിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ, ഇൻവിജിലേഷൻ ഡ്യൂട്ടിയുമായി ബന്ധപ്പെട്ട പ്രതിഫലം 2016 നവംബർ വരെയുള്ളത് അക്കൗണ്ട് വഴി നൽകിയിട്ടുണ്ടെന്ന് അറിയിക്കുകയും പണം നൽകിയതിന്റെ ബാങ്ക് രേഖകൾ പരിശോധനാ വിഭാഗത്തിനു മുമ്പാകെ ഹാജരാക്കുകയും ചെയ്തു. നാളിതുവരെയുള്ള ബില്ലുകൾ യൂണിവേഴ്സിറ്റിയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും അവ അനുവദിക്കപ്പെടുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**3.2.2 പ്രൊമോഷനുമായി ബന്ധപ്പെട്ട അസസ്സ്മെന്റ് 15 മാസങ്ങൾക്ക് മുമ്പ് പൂർത്തീകരിച്ചിട്ടും തുടർനടപടികളൊന്നും പ്രിൻസിപ്പൽ സ്വീകരിച്ചിരുന്നില്ലെന്ന പരാതി സംബന്ധിച്ച്.**

പരാതിയിൻമേൽ കോളേജധികാരികളോട് വിശദീകരണം ആവശ്യപ്പെട്ടതിനെത്തുടർന്ന് ലഭ്യമാക്കിയ വിവരങ്ങളും രേഖകളും പരിശോധിച്ചതിൽ അസിസ്റ്റന്റ് പ്രൊഫസർ (എ.ജി.പി -7000) തസ്തികയിലേക്ക്

പ്രമോഷന് അർഹതയുള്ള എല്ലാ അദ്ധ്യാപകരുടേയും പ്രമോഷൻ അംഗീകരിക്കുന്നതിനുള്ള ശിപാർശ മഹാത്മാഗാന്ധി സർവകലാശാലയിലേക്ക് അയച്ചു നൽകിയിട്ടുണ്ടെന്നു ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പരാതിയിൽ കഴമ്പില്ല.

3.2.3 <u>ഇൻവേർഡ്, ഔട്ട്-വേർഡ് രജിസ്റ്ററുകൾ കോളേജ് ഓഫീസിൽ സൂക്ഷിക്കാറില്ലാത്തതിനാൽ അപേക്ഷകൾ നൽകുമ്പോൾ ആയവ നൽകിയതായോ ഓഫീസിൽ സ്വീകരിച്ചതായോ ഉള്ള വിവരങ്ങൾ അറിയുവാൻ സാധിക്കാതെവരുന്നുവെന്ന പരാതി സംബന്ധിച്ച്.</u>

2015 ജനവരി മാസം മുതൽ നാളിതുവരെയുള്ള കാലയളവിലെ ഇൻവേർഡ് രജിസ്റ്ററും ഡെസ്പാച്ച് രജിസ്റ്ററും സ്ക്വാഡിന്റെ പരിശോധനക്കായി ലഭ്യമാകുകയും ആയതു യഥാവിധി പരിപാലിക്കുന്നതായും പരിശോധനയിൽ ബോദ്ധ്യമായിട്ടുണ്ട് .

3.2.4 <u>സുവോളജി വിഭാഗത്തിലെ ഗസ്റ്റ് ലക്ചറർമാരുടെ നിയമനം അനധികൃതമായി നടത്തിയെന്ന പരാതി സംബന്ധിച്ച്.</u>

2014-15 മുതൽ നടത്തിയിട്ടുള്ള ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ചുള്ള രേഖകൾ പരിശോധിക്കുകയുണ്ടായി. പ്രസ്തുത നിയമനങ്ങൾക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി ലഭിച്ചിട്ടുള്ളതായി കാണുന്നു. 2019-20-ൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി 15 ഗസ്റ്റ് അദ്ധ്യാപകരുടെ സേവനമാണ് ഉപയോഗപ്പെടുത്തിയത്. സുവോളജി ഡിപ്പാർട്ട്മെന്റിൽ നിലവിൽ രണ്ട് അംഗീകൃത അദ്ധ്യാപകരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഒരാഴ്ചയിൽ 16 മണിക്കൂറുകളാണ് ഓരോ അദ്ധ്യാപകനും ക്ലാസ്സെടുക്കേണ്ടത്. സുവോളജി സിലബസ്സിലെ പ്രത്യേകതമൂലം ക്ലാസ്സുകളുടെ സമയദൈർഘ്യം 42 മണിക്കുറുകൾ ആയി ഉയർത്തിയെങ്കിൽ മാത്രമേ യഥാസമയത്ത് പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർക്കുവാൻ കഴിയൂ എന്നതിനാൽ വിഷയം യൂണിവേഴ്സിറ്റി അധികൃതരുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിഷയം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും അനുബന്ധ ഉത്തരവുകൾ കോളേജിന് ലഭ്യമായിട്ടില്ലായെന്ന് ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ അധിക ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് മാനേജ്മെന്റ് സ്വന്തം ചെലവിൽ രണ്ട് ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചുള്ളതായി കാണുന്നു. ഈ വിഷയത്തിൽ ഭരണ വകുപ്പ് സർവകലാശാലയുമായി ബന്ധപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.2.5. <u>14/11/2018-ലെ പരീക്ഷാ ഡ്യൂട്ടിക്ക് ഡോ. എൻ.സുജ ഹാജരായിരുന്നെങ്കിലും ഹാജരായില്ലായെന്ന് ആരോപിച്ച് മെമ്മോ നൽകി എന്ന ആരോപണം സംബന്ധിച്ച്.</u>

ഡോ. എൻ.സുജയ്ക്ക് 4/11/2018-ൽ പരീക്ഷാ ഡ്യൂട്ടി നിശ്ചയിച്ച് നൽകിയിരുന്നതാണ്. എന്നാൽ ടിയാൾ ഡ്യൂട്ടി നിർവ്വഹിക്കാതെ മറ്റൊരു ടീച്ചറെ പരീക്ഷാ ഡ്യൂട്ടി ഏൽപ്പിക്കുകയാണുണ്ടായതെന്നും, ടി സമയത്ത് പരിശോധനയ്ക്കെത്തിയ പ്രിൻസിപ്പൽ കൃത്യ നിർവ്വഹണത്തിൽ വീഴ്ചവരുത്തിയതിന് ടീച്ചർക്ക് മെമ്മോ നൽകുകയുമായിരുന്നു എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച പരിശോധനാ ടീം കൊടുത്ത

അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ പ്രസ്തുത പരാതി ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ് .അതിനാൽ ഇത് സംബന്ധിച്ച് കോടതിയുടെ വിധിക്ക് വിധേയമായി ഉചിതമായ നടപടി ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.

3.2.6. Internal Quality Assurance Cell (IQAC)-മായി ബന്ധപ്പെട്ട ആരോപണങ്ങൾ.

1. ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങളാണ് Internal Quality Assurance Cell (IQAC)-ൽ നിക്ഷിപ്തമായിട്ടുള്ളത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾക്കായി **3 ലക്ഷം രൂപ** 18/03/2014-ൽ കോളേജിന്റെ അക്കൗണ്ടിൽ യു.ജി.സി നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. ടി തുക പദ്ധതിയുടെ നിർദ്ദിഷ്ട നിർവ്വഹണകാലത്ത് ചെലവഴിക്കാതിരുന്നത് U.G.Cയുടെ ശ്രദ്ധയിൽപ്പെട്ടപ്പോൾ പണത്തിന്റെ വിനിയോഗം സംബന്ധിച്ച രേഖകൾ സെറ്റിൽ ചെയ്യുവാൻ 24/12/2018 വരെയുള്ള സമയപരിധി അനുവദിക്കുകയുണ്ടായി. തുടർന്ന്, 11/07/2018-ൽ മൂന്നു ലക്ഷം രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചതിന്റെ ആഡിറ്റ് ചെയ്ത വിനിയോഗ സാക്ഷ്യപത്രം യു.ജി.സിയ്ക്ക് സമർപ്പിക്കപ്പെട്ടു.

ഈ തുകയുടെ Expenditure Statement പരിശോധിച്ചതിൽ മിക്ക ഇനങ്ങളും UGC മാനദണ്ഡം അനുസരിച്ച് ചെലവഴിച്ചിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടു. ടി തുകയുടെ ചെലവഴിക്കലുമായി ബന്ധപ്പെട്ട് ആദ്യം നൽകിയിരിക്കുന്ന ഇനം Honorarium to Co-ordinators എന്നുള്ളതാണ്. ഈ ഇനത്തിൽ ആകെ 60,000/- രൂപ രണ്ടു വ്യക്തികൾക്കായി നൽകിയിട്ടുള്ളതായി പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി UGC യ്ക്ക് നൽകിയിട്ടുള്ളതാണ്. ഈ ഇനത്തിൽ ഈ സ്ഥാപനത്തിലെ അദ്ധ്യാപകനായ ഡോ. ഇന്ദുലാൽ.ജി. യ്ക്ക് 2012 ഒക്ടോബർ മാസം മുതൽ 2013 മേയ് മാസംവരെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചതിന് **8,000/-** രൂപയും (വൗച്ചർ നമ്പർ 232), 2013 ജൂൺ മുതൽ 2016 മേയ് മാസംവരെയുള്ള കാലയളവിൽ ഇതേ ഇനത്തിലായി **36,000/-** രൂപയും (വൗച്ചർ നമ്പർ 229,230,231 എന്നിവ മുഖാന്തിരം) നൽകിയിട്ടുള്ളതായി പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി UGC-ക്ക് അയച്ച നൽകിയിട്ടുള്ള Expenditure Statement-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2016 ജൂൺ മുതൽ 2017സെപ്റ്റംബർ വരെയുള്ള കാലയളവിൽ **16,000/-** രൂപ IQAC – Co-Ordinator-ന് നൽകിയിട്ടുണ്ടെന്ന് ഇതേ Expenditure Statement-ൽ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വൗച്ചർ നമ്പർ 228 (12000/-രൂപ), 233 (4000/-രൂപ) എന്നിവ പ്രകാരം **16,000/-** രൂപ ഇതേ സ്ഥാപനത്തിലെ ജൂനിയർ അദ്ധ്യാപികയായ ശ്രീമതി. വിനു.വി. വടക്കലിന് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ ടിയാളോട് നേരിട്ട് അന്വേഷിച്ചപ്പോൾ, കൈപ്പറ്റിയ തുക Physics Department-ന്റെ വികസനത്തിനായി പ്രിൻസിപ്പലിനെ ഏൽപ്പിച്ചു എന്നാണ് അറിയിച്ചിട്ടുള്ളത്.

ധനകാര്യ പരിശോധനാ വിഭാഗത്തിൻ്െറ അന്വേഷണത്തിൽ 2016 ജൂൺ മുതൽ 2017 സെപ്റ്റംബർ വരെയുള്ള കാലയളവിൽ യഥാർത്ഥത്തിൽ കോ-ഓർഡിനേറ്ററുടെ ചുമതല വഹിച്ചിരുന്നത് ഈ കോളേജിലെതന്നെ മറ്റൊരു സീനിയർ അദ്ധ്യാപികയായിരുന്ന ശ്രീമതി. എൻ.സുജ ആയിരുന്നുവെന്ന് അറിയാൻ കഴിഞ്ഞു. ടിയാളെ കോ-ഓർഡിനേറ്ററായി ചുമതലയേൽപ്പിച്ചുകൊണ്ടുള്ള ഔദ്യോഗിക ഉത്തരവ് ഒന്നുംതന്നെ നൽകിയിട്ടില്ലായിരുന്നതിനാൽ Honorarium ഇനത്തിൽ കോ-ഓർഡിനേറ്ററിന്

അനുവദിക്കപ്പെട്ടിട്ടുള്ള തുകയായ 16,000/- രൂപ കൈപ്പറ്റാൻ തയ്യാറായിരുന്നില്ല. ടി തുകയാണ് ശ്രീമതി. വിനു.വി.വടക്കലിന് കൈമാറിയത്.

IQAC കോ-ഓർഡിനേറ്ററിന്റെ നിയമനവിവരങ്ങൾ തേടിക്കൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ IQAC Co-ordinator-നെ ഔദ്യോഗികമായി നിയമിക്കുവാൻ UGC-യിൽനിന്ന് നിർദ്ദേശിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ചുള്ള മാർഗ്ഗരേഖ പരിശോധിച്ചതിൽനിന്നും കോഓർഡിനേറ്ററെ നിയമിക്കേണ്ടത് ചുവടെ ചേർക്കുംവിധമാണെന്നു പറഞ്ഞിട്ടുണ്ട്.

"The IQAC shall be constituted under the chairmanship of Principal. He / She may be assisted by a Coordinator who shall be a senior faculty member. This position may be held as an additional charge by the faculty member concerned, or a new position of a full-time Director / Coordinator may be created and a person is selected and appointed or a senior faculty member is posted by redeployment."

**<u>ധനകാര്യ വകുപ്പിനു നൽകിയ മറുപടിയിൽ കോ-ഓർഡിനേറ്ററായി ആരേയും നിയമിച്ചിട്ടില്ലായെന്ന് കോളേജധികൃതർ തന്നെ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഹോണറേറിയം ആയി നൽകിയ മുഴുവൻ തുകയും (60,000/-രൂപ) ആയത് കൈപ്പറ്റിയ അദ്ധ്യാപകരുടെ പക്കൽനിന്നും വസൂലാക്കി IQAC-യുടെ അക്കൗണ്ടിൽ തിരികെ നിക്ഷേപിക്കേണ്ടതാണ്.</u>**

2. IQAC യുമായി ബന്ധപ്പെട്ട് Expenditure Statement-ൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പ്രകാരം ഈ ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ള ICT Communication Expenses-മായി ബന്ധപ്പെട്ട് 70,300/- രൂപ ചെലവാക്കിയതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഇതേ ഇനത്തിന്റെ കീഴിൽ മറ്റൊരു സ്ഥാപനമായ Golab Enterprises-ന് 27/09/2017-ൽ 35,000/-, 5,200/-, 25,000/- എന്നിങ്ങനെ ആകെ 65,200/-രൂപ നൽകിയിട്ടുള്ളതായി Principal സാക്ഷ്യപ്പെടുത്തി U.G.C.യ്ക്ക് നൽകിയിട്ടുണ്ട്. തുടർന്ന്, Golab എന്ന സ്ഥാപനവുമായി ടെലിഫോൺ മുഖാന്തിരം ബന്ധപ്പെടുകയും പ്രവൃത്തിയുടെ നിർവ്വഹണവും അതിനു ലഭിച്ച പ്രതിഫലവും സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുകയും ചെയ്തു. ഈ പ്രവൃത്തി ചെയ്യുന്നതിനായി 35,000/-, 5,200/-, എന്നിങ്ങനെയായി ആകെ 40,200/- രൂപ മാത്രമേ പ്രതിഫലമായി ടി സ്ഥാപനത്തിന്റെ അക്കൗണ്ട് വഴി നൽകുകയുണ്ടായിട്ടുള്ളൂ എന്നും, പിന്നീട് സോഫ്റ്റ് വെയർ സംബന്ധമായ പ്രവൃത്തി ചെയ്തു നൽകാത്തതിനാൽ 21/03/2019ൽ 35,000/- രൂപ കോളേജിന്റെ അക്കൗണ്ടിലേക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട് എന്നും പരിശോധനാ വിഭാഗത്തെ അറിയിച്ചു. കോളേജിന്റെ അക്കൗണ്ട് പരിശോധിച്ചതിൽനിന്നും പ്രസ്തുതവിവരം സത്യമാണെന്നു ബോദ്ധ്യപ്പെടുകയുണ്ടായി. **യഥാർത്ഥത്തിൽ 5,200/-രൂപയാണ് ICT Communication Expenses-സുമായി ബന്ധപ്പെട്ട് ഗോലാബിന് പ്രതിഫലം നൽകിയ ഇനത്തിൽ ചിലവഴിച്ചിട്ടുള്ളത്. അധികമായി മാറിയെടുത്ത തുകയായ 60,000/-രൂപ യു.ജി.സി അക്കൗണ്ടിൽ തിരികെ നിക്ഷേപിക്കേണ്ടതാണ്.**

3.2.7 <u>On Job Training (OJT)-മായി ബന്ധപ്പെട്ട് പള്ളം ഗവൺമെന്റ് ഫിഷ് ഫാമിൽ 2018 ഡിസംബർ 10</u>

**<u>മുതൽ ഡിസംബർ 27 വരെ നടത്തിയ പരിശീലനത്തിന് വിദ്യാർത്ഥികളിൽ നിന്ന് ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരും പ്രിൻസിപ്പലും ചേർന്ന് അനധികൃതമായി പണം പിരിച്ചെടുക്കാൻ ശ്രമിച്ചു എന്ന പരാതി</u>**

കോട്ടയം,മത്സ്യ കർഷക ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06.12.2018-ലെ FFDA/353/2018 നമ്പർ കത്ത് പ്രകാരം 10/12/2018 മുതൽ 24/12/2018 തീയതി വരെ അക്വാകൾച്ചർ എന്ന വിഷയവുമായി ബന്ധപ്പെട്ട് സെൻറ് അലോഷ്യസ് കോളേജ് എടത്വ-യിലെ ബി.എസ്സ്സി സുവോളജി (വൊക്കേഷണൽ അക്വാ കൾച്ചർ ബാച്ച് 2016-19) വിദ്യാർത്ഥികൾക്കായി ഗവ. മോഡൽ ഫിഷ് ഫാമിൽ വച്ച് ട്രെയിനിംങ്ങ് നൽകുന്നതിന് സമ്മതമാണെന്നും ഇതുമായി ബന്ധപ്പെട്ട ചെലവുകൾ വിദ്യാർത്ഥികൾ തന്നെ വഹിക്കേണ്ടതാണെന്നുള്ള വിവരവും കോളേജ് അധികൃതരെ അറിയിക്കുകയും അതിൻപ്രകാരം ഓൺ ജോബ് ട്രെയിനിംങ്ങ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ കോളേജ് അധികൃതർ നടത്തുകയും ചെയ്തു. എന്നാൽ മുൻകാലങ്ങളിൽ ഓൺ ജോബ് ട്രയിനിംഗിനായി വിദ്യാർത്ഥികളുടെ കയ്യിൽ നിന്നും യാതൊരു തരത്തിലുള്ള ഫീസും വാങ്ങിയിട്ടില്ല എന്ന് ചൂണ്ടിക്കാട്ടി വിദ്യാർഥികൾ പ്രതിഷേധിക്കുകയും രക്ഷകർത്താക്കൾ ഫിഷറീസ് ഡയറക്ടർ ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകുകയും ചെയ്തു. തുടർന്ന് **ട്രെയിനിങ് പ്രോഗ്രാം യാതൊരു തരത്തിലുള്ള ഫീസും വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാതെ പൂർത്തീകരിച്ചിട്ടുണ്ടെന്ന പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പരാതിയിന്മേൽ തുടർനടപടികൾ ആവശ്യമില്ല** .

<u>4.യു.ജി.സി ധന സഹായം വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയിലെ ക്രമക്കേടുകൾ</u>

*<u>4.1. യു.ജി.സി. ധനസഹായം വിനിയോഗിച്ചുള്ള വിമെൻസ് ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട ചട്ടവിരുദ്ധമായ ഇടപാടുകൾ</u>*

*എടത്വ സെൻറ് അലോഷ്യസ് കോളേജിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായി യു. ജി.സി XI പ്ലാനിൽ 30/07/2009-ൽ **96.55 ലക്ഷം** രൂപയുടെ പദ്ധതിക്ക് അപേക്ഷ സമർപ്പിക്കുകയും 24/08/2009-ൽ **80 ലക്ഷം** രൂപ അനുവദിക്കുകയും ചെയ്തു. 24/08/2009-ൽ ആദ്യ ഗഡുവായി **40 ലക്ഷം** രൂപ അനുവദിക്കുകയും ആ തുക സെൻറ് അലോഷ്യസ് കോളേജ് പ്രിൻസിപ്പലിൻെറ പേരിൽ യു.ജി.സി ഇടപാടുകൾക്കായുള്ള അക്കൗണ്ടിലേക്ക് 26/08/2009-ൽ ലഭിക്കുകയും ചെയ്തു. നിർമാണപ്രവർത്തനങ്ങൾ ടി തുകയിൽ അധികരിക്കുന്ന പക്ഷം ആ തുക കോളേജ് അധികൃതർ കണ്ടെത്തണമെന്നും യു.ജി.സി മറ്റ ഫണ്ടുകൾ അനുവദിക്കുന്നതല്ലെന്നും എന്നാൽ ഈ തുകയുടെ പലിശയിനത്തിൽ ലഭിക്കുന്ന തുക പദ്ധതി വിഹിതമായി കണക്കാക്കി ഉപയോഗിക്കാവുന്നതാണെന്നും തുക അനുവദിച്ചു നൽകിയ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. തുടർന്ന് 26/06/2009-ൽ അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ ,ആലപ്പുഴ, DCDC എം.ജി യൂണിവേഴ്സിറ്റി, കോളേജ് പ്രിൻസിപ്പാൾ തുടങ്ങി പത്തംഗങ്ങളെ ഉൾക്കൊള്ളിച്ച് ഒരു ബിൽഡിംഗ് കമ്മിറ്റി രൂപീകരിക്കുകയും 10/03/2011-ൽ ചേർന്ന പ്രസ്തുത കമ്മിറ്റി ഹോസ്റ്റൽ നിർമാണത്തിനായി ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ ശിപാർശ ചെയ്യുകയും ചെയ്തു .തുടർന്ന് ടെൻഡർ നോട്ടീസ് നമ്പർ SAC/UGC/TC/10-11 പ്രകാരം ടെൻഡർ നടപടികൾ സ്വീകരിക്കുകയും ടെണ്ടറിൽ പങ്കെടുത്ത 5 പേരിൽ ഏറ്റവും കുറവ് തുക കോട്ട് ചെയ്ത ശ്രീ.സോജൻ ഫ്രാൻസിസ് എന്നയാൾക്ക് പ്രവർത്തി അനുവദിക്കുകയും ചെയ്തു. ഏറ്റവും കുറഞ്ഞ ടെൻഡർ തുകയായ **1,02,73,291.80/-** (ഒരുകോടി രണ്ട് ലക്ഷത്തി എഴുപത്തി മൂവായിരത്തി തൊണ്ണൂറ്റിയൊന്ന് രൂപ എൺപതു പൈസ മാത്രം ) 27/06/2011-ൽ കൂടിയ ബിൽഡിംഗ് കമ്മിറ്റി അംഗീകരിക്കുകയും, പ്രസ്തുത ടെൻഡർ നൽകിയ ശ്രീ. സോജൻ ഫ്രാൻസിസ് എന്നയാളുമായി കരാറിൽ ഏർപ്പെടുന്നതിനു ശിപാർശ ചെയ്യുകയും ചെയ്തു . **എന്നാൽ ടിയാനുമായി കരാറിൽ ഏർപെട്ടതായോ ടിയാന് വർക്ക് അവാർഡ് ചെയ്തതായോ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.***

*ലേഡീസ് ഹോസ്ററൽ നിർമ്മാണത്തിനായി യു.ജി.സി അനുവദിച്ച തുക കോളേജ് പ്രിൻസിപ്പലിൻെറയും മാനേജ്മെൻ്റ് പ്രതിനിധിയായ കോളേജ് ബർസറിന്റെയും ജോയിൻറ് അക്കൌണ്ടായി കാനറാ ബാങ്ക് എടത്വാ ശാഖയിലെ 35941011000782 എന്ന അക്കൌണ്ടിലേക്ക് മാറ്റി അതിൽ നിന്നുമാണ് തുക ചിലവഴിച്ചിരിക്കുന്നത്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി പ്രിൻസിപ്പൽ ചുവടെ ചേർത്തിരിക്കുന്ന വിശദീകരണമാണ് നൽകിയത് .*

*"ലേഡീസ് ഹോസ്ററൽ നിർമ്മാണത്തിനു സമർപ്പിച്ചിരിക്കുന്ന പ്ലാനിൽ പൈലിംഗ് വർക്കുകളും എർത്ത് ഫില്ലിങ്ങും ക്ലിയയറൻസ് വർക്കുകളും ഉൾപെടുത്തിയിരുന്നില്ല. പ്രസ്തുത വർക്കുകൾ മാനേജ്മെൻറിൻെറ ഭാഗത്തു നിന്നും പൂർത്തിയാക്കേണ്ടിയിരുന്നതിനാൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട പണവും കണക്കുകളും കൈകാര്യം ചെയ്യുന്നതിനും 10/10/20111-തീയതിയിൽ കോളേജ് പ്രിൻസിപ്പലിന്റെയും കോളേജ് ബർസറിന്റെയും ജോയിൻറ് അക്കൌണ്ടായി കാനറാ ബാങ്ക് എടത്വാ ശാഖയിൽ നം 35941011000782 എന്ന അക്കൌണ്ട് തുടങ്ങുകയും പണികൾ ആരംഭിക്കുകയും ചെയ്തു. യു.ജി.സി അനുവദിച്ച തുക 80 ലക്ഷം മാത്രമാകയാലും കരാർ തുക **10273291.80/-** രൂപ അകയാലും ബാക്കി തുക മാനേജ്മെന്റ് ചെലവഴിക്കേണ്ടിയിരുന്നു. മാത്രമല്ല പണികൾ പൂർത്തിയാക്കി യു.ജി.സി-യിൽ നിന്നും അനുവദിച്ച ആകെ തുകയിൽ ലഭിച്ച ആദ്യ ഗഡു **40 ലക്ഷം** രൂപ കൂടി ഉപയോഗിച്ചതായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തതിനു ശേഷം മാത്രമേ ലഭിക്കാനുള്ള ബാക്കി തുക ലഭിക്കുമായിരുന്നുള്ളു. ഈ സാഹചര്യത്തിൽ ഏകദേശം 6273291.80 രൂപ മാനേജ്മെന്റും 40 ലക്ഷം രൂപ യു.ജി.സി-യും അനുവദിച്ചത് ചേർത്ത് 10273291.80 ( ഒരുകോടി രണ്ട് ലക്ഷത്തി എഴുപത്തി മൂവായിരത്തി തൊണ്ണൂറ്റിയൊന്ന് രൂപ എൻപതു പൈസ) കോളേജ് ബർസറിന്റെയും പ്രിൻ സിപ്പലിന്റെയും ജോയിൻറ് അക്കൌണ്ടായി കാനറാ ബാങ്ക് എടത്വാ ശാഖയിലെ 35941011000782 എന്ന അക്കൗണ്ടിലേക് മാറ്റി നിക്ഷേപിക്കുന്നതിന് കരാറുകാരൻ ശ്രീ. സോജൻ ഫ്രാൻസിസുമായി ധാരണയായി."*

*ടി മറുപടിയിൽ നിന്നും **കോളേജ് അധികൃതർ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്നത്** വ്യക്തമാണ്. **യു.ജി.സി പണം കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം ബാങ്ക് അക്കൗണ്ട് ഉപയോഗത്തിലിരിക്കേ ഹോസ്റ്റൽ നിർമ്മാണത്തിന് ലഭിച്ച തുക മാനേജ്മെന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചത് ഗുരുതരമായ ചട്ട ലംഘനമാണ് .***

*യു.ജി.സി വിവിധ ഗഡുക്കളായി കോളേജിന് അനുവദിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു*

| ക്രമ നമ്പർ | ഇനം | അനുവദിക്കപ്പെട്ട തുക | അലോട്ട്മെന്റ് തുക ലഭിച്ച/ നിക്ഷേപിച്ച അക്കൗണ്ട് (Bank, Branch & Date) | ടി തുക പിൻവലിച്ച് നിക്ഷേപിച്ച അക്കൗണ്ടിന്റെ വിവരം (Bank, Branch & Date) | തുക കൈമാറുവാനുള്ള കാരണം |
|---|---|---|---|---|---|
| 1 | Special Scheme for construction of Women's Hostel - UGC | Rs.40,00,000/- WHMIN-076/2009-10 KLM/2019/UGC/SWRO Dated 24/08/2009 | Canara Bank Edathua Branch 09/09/2009 A/c.No. 0701101053581 | CanaraBank Edathua Branch 25/10/2011 A/c.No. 358410100782 | യു.ജി.സി.-യിൽ നിന്നും അനുവദിച്ച പദ്ധതിയുടെ നിർവഹണം മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ നടത്തിയതിനാൽ നിർമ്മാണ പുരോഗതി അനുസരിച്ച് മാനേജ്മെന്റിന് തുക ലഭ്യമാക്കിയതിൻ പ്രകാരം |
| 2 | Special Scheme for construction of Women's Hostel —UGC | Rs.32,00,000/- WHMIN-076/2009-10 KLM/2019/UGC/SWRO Dated 19/12/2012 & Interest Accured Rs.4,09,000/- Total -36,09,000 | Canara Bank Edathua Branch 07/01/2013 A/c.No. 0701101053581 | CanaraBank Edathua Branch 11/01/2013 A/c.No. 358410100782 | യു.ജി.സി.-യിൽ നിന്നും അനുവദിച്ച പദ്ധതിയുടെ നിർവഹണം മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ നടത്തിയതിനാൽ നിർമ്മാണ പുരോഗതി അനുസരിച്ച് മാനേജ്മെന്റിന് തുക ലഭ്യമാക്കിയതിൻ പ്രകാരം |
| 3 | Special Scheme for construction of Women's Hostel - UGC - XI Plan | Rs.800,000/- WHMIN-076/2009-10 - KLM/2019/UGC/SWRO Dated 29/11/2016 | Canara Bank Edathua Branch 09/11/2016 A/c.No. 0701101053581 | CanaraBank Edathua Branch 20/03/2019 A/c.No. 358410100782 | Special Scheme for construction of womens' Hostel-UGC XI Plan. നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു തുക മാനേജ്മെന്റിന് ലഭ്യമാക്കിയതിൻ പ്രകാരം |

ടെണ്ടർ അനുവദിച്ച നല്കിയ ഫയലുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ ടെൻഡർ കരസ്ഥമാക്കിയ ശ്രീ. സോജൻ ഫ്രാൻസിസ് എന്നയാളുമായി കരാറിൽ ഏർപെട്ടതായോ ടിയാന് വർക്ക് അവാർഡ് ചെയ്തതായോ യാതൊരു രേഖകളും കണ്ടെത്താനായില്ല. മാത്രവുമല്ല പണം ചിലവഴിച്ചതു സംബന്ധിച്ച് യു.ജി.സി-യ്ക്ക് നൽകിയ വിനിമയ സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട (utilisation certificate) 1,36,03,388/- രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വൗച്ചറുകൾ പരിശോധനക്കായി ഹാജരാക്കുകയും ആയതിൽ ശ്രീ.സോജൻ ഫ്രാൻസിസിന് 34,02,338/- രൂപ മാത്രമാണ് നൽകിയിട്ടുള്ളത് എന്നും ബാക്കിയുള്ള തുകയുടെ വൗച്ചറുകർ വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കോളേജ് അധികൃതർ പണം നേരിട്ട് കൈമാറിയതിന്റേതാണ് എന്നും ബോദ്ധ്യപ്പെട്ടു. ടെൻഡർ നടപടികൾ സ്വീകരിച്ചതിനു ശേഷം കരാറുകാരനുമായി ധാരണാ പത്രം ഒപ്പവയ്ക്കാത്തതിനും വർക്ക് ഓർഡർ നല്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള അന്വേഷണ കുറിപ്പിന് മറുപടിയായി ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി നിയമാനുസൃതമായാണ് ലേഡീസ് ഹോസ്റ്റൽ പണി പൂർത്തിയാക്കിയിട്ടുള്ളതെന്നും ചില പ്രധാനരേഖകൾ ഫയലിൽ നിന്ന് നഷ്ടപ്പെട്ടത് മൂലമാണ് കരാറിൽ ഏർപ്പെട്ടിട്ടില്ല എന്ന ധാരണ ഉണ്ടാവുവാൻ ഇടയായതെന്നും, കോളേജിൽ നിന്നും സസ്പെൻഡ് ചെയ്യപ്പെട്ട രണ്ടു ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ ഫയൽ പരിശോധന നടന്ന സാഹചര്യത്തിലാണ് രേഖകൾ നഷ്ടപെട്ടതെന്നും ഇത് സംബന്ധിച്ച കോളേജ്തല അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള തൃപ്തികരമല്ലാത്ത വിശദീകരണങ്ങളാണ് നൽകിയിട്ടുള്ളത്

**നിർമ്മാണപ്രവൃത്തികൾക്ക് സംസ്ഥാന സർക്കാറിന്റെ നിയമങ്ങളാണ് ബാധകമെന്ന് യു.ജി.സി-യുടെ പൊതു സാമ്പത്തിക നിയമങ്ങളിൽ** (General Financial Rules – 2018) വ്യക്തമാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പദ്ധതി, സ്റ്റോഴ്സ് പർച്ചേസ് മാനുവൽ, PWD മാനുവൽ എന്നിവ ആധാരമാക്കിയുള്ള ടെണ്ടർ നടപടിക്രമങ്ങൾ മുഖേനയാണ് പൂർത്തിയാക്കേണ്ടത്. മാത്രമല്ല, കരാറിൽ ഏർപ്പെട്ടയാൾക്കാണ് കരാർപ്രകാരമുള്ള പണം നൽകേണ്ടത്. മാനേജ്മെന്റിന് നിർമ്മാണപ്രവൃത്തികളുടെ നടത്തിപ്പിനായി ലഭിക്കുന്ന പണത്തിൽ യാതൊരു അവകാശവുമില്ലാത്തതാണ്.
**പരിശോധനയിൽ യു.ജി.സി. ധനസഹായം വിനിയോഗിച്ച് രണ്ടുനിലകളുള്ള ഹോസ്റ്റൽ പണികഴിപ്പിച്ചിട്ടുണ്ടെന്നു ബോദ്ധ്യമായിട്ടുണ്ട്. കരാറുകാരനെ ഒഴിവാക്കി മാനേജ്മെന്റ് നിർമ്മാണപ്രവൃത്തികൾ കൈകാര്യം ചെയ്ത പശ്ചാത്തലത്തിൽ, യു.ജി.സിയുടെ ഗ്രാൻറായി ലഭിച്ച 80 ലക്ഷം രൂപയും അതിന്റെ പലിശയിനത്തിൽ ലഭിച്ച 4,09,000 ഉൾപ്പെടെ 84,09,000 ധനസഹായം ലഭിച്ച ഹോസ്റ്റൽ കെട്ടിടത്തിന്റെ മൂല്യനിർണ്ണയം നടത്തി ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോയെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറെ(CTE) കൊണ്ട് പരിശോധിപ്പിക്കുന്നതിന് ഭരണവകുപ്പ് നടപടി സ്വികരിക്കേണ്ടതാണ്.**

<u>ശിപാർശകൾ</u>

1. **സർക്കാരിൻറെ പണം കൈവശം സൂക്ഷിക്കുമ്പോൾ കേരളാ ഫിനാഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 40 അനുശാസിക്കും പ്രകാരമുള്ള നിബന്ധനകൾ (Standards of financial propriety) പാലിക്കുന്നുവെന്ന കോളേജ് പ്രിൻസിപ്പൽ ഉറപ്പു വരുത്തേണ്ടതാണ്.**
2. **പദ്ധതി നിർവ്വഹണത്തിന് ശേഷവും വിവിധ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകൾ ബന്ധപ്പെട്ട ശീഷകങ്ങളിൽ (Walk with Scholar & Scholar Support Scheme -2202-03-911-99, E-Grants- 2225-01-911-99 എന്നീ ശീർഷകങ്ങളിലും സ്കോളർഷിപ്പ് ബാലൻസ് സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ് കോളേജിയേറ്റ് എഡ്യൂക്കേഷൻ തിരുവനന്തപുരം ഓഫീസിലും യു. ജി.സി സ്കീമുകളുടെ ബാലൻസ് യു.ജി.സി.യിലേക്കും )തിരിച്ചടച്ച് അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതാണ്.**
3. **നിലവിൽ കലാലയത്തിൽ പഠിക്കുന്ന കുട്ടികൾക്ക് വിതരണം ചെയ്യുവാൻ ആവശ്യമായ തുക കിഴിച്ച് കോഷൻ ഡേപ്പോസിറ്റിൽ മിച്ചമുള്ള തുക ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ROP ശീർഷകത്തിൽ ഒടുക്കി അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതാണ്.**
4. **IQAC കോ-ഓർഡിനേറ്ററായി ആരേയും നിയമിച്ചിട്ടില്ലായെന്ന് കോളിജധികൃതർ വ്യക്തമാക്കിയിട്ടുള്ള**

സാഹചര്യത്തിൽ ആയിനത്തിൽ ഹോണറേറിയം ആയി നൽകിയ മുഴുവൻ തുകയും (60,000/- രൂപ) ആയത് കൈപ്പറ്റിയ അദ്ധ്യാപകരുടെ പക്കൽ നിന്നും ചട്ടപ്രകാരമുള്ള പലിശ സഹിതം വസൂലാക്കി IQAC -യുടെ അക്കൗണ്ടിൽ തിരികെ നിക്ഷേപിക്കേണ്ടതാണ്.

5. IQAC യുടെ ഭാഗമായുള്ള ICT Communication Expenses-സുമായി ബന്ധപ്പെട്ട് ഗോലാബ് എന്ന സ്ഥാപനത്തിന് പ്രതിഫലം നൽകിയ ഇനത്തിൽ അധികമായി മാറിയെടുത്ത തുകയായ 60,000/- രൂപ ചട്ടപ്രകാരമുള്ള പലിശസഹിതം യു.ജി.സി അക്കൗണ്ടിൽ തിരികെ നിക്ഷേപിക്കേണ്ടതാണ്.

6. രണ്ടു നിലകളുള്ള ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരനെ ഒഴിവാക്കി മാനേജ്മെന്റ് നിർമ്മാണപ്രവൃത്തികൾ കൈകാര്യം ചെയ്ത പശ്ചാത്തലത്തിൽ, യു.ജി.സിയുടെ ഗ്രാന്റായി ലഭിച്ച 80 ലക്ഷം രൂപയും അതിന്റെ പലിശയിനത്തിൽ ലഭിച്ച 4,09,000/- ഉൾപ്പെടെ 84,09,000/-രൂപ ധനസഹായം ലഭിച്ച ഹോസ്റ്റൽ കെട്ടിടത്തിന്റെ മൂല്യനിർണ്ണയം നടത്തി ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോയെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറെ (CTE)കൊണ്ട് പരിശോധിപ്പിക്കുന്നതിന് ഭരണവകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

7. സർക്കാർ/സർക്കാർ ഏജൻസികൾ വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന പണം മാനേജ്മെന്റ് അക്കൗണ്ടിലേക്ക് മാറ്റുന്നത് ഗുരുതരമായ ചട്ടലംഘനമാണ്. ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് ഭരണവകുപ്പ് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ റിപ്പോർട്ടിന് ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

A S Kumar

അജയകുമാർ.കെ.എസ്
അഡീഷണൽ സെക്രട്ടറി
ധനകാര്യ അഡീഷണൽ സെക്രട്ടറിക്കുവേണ്ടി

**തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ പുത്തൻമറ്റത്തിൽ വീട്ടിൽ വസിക്കുന്ന ശ്രീ പി.കെ.തോമസും ഭാര്യ ശ്രീമതി ആൻസി തോമസും വ്യാജ രേഖകൾ സമർപ്പിച്ച് വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നു എന്ന പരാതിയിൻമേൽ ആലപ്പുഴ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധനയുടെ റിപ്പോർട്ട്**

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ എട്ടാം വാർഡിൽ പുത്തൻമറ്റത്തിൽ വീട്ടിൽ ശ്രീ പി.കെ.തോമസും ഭാര്യ ശ്രീമതി. ആൻസി തോമസും വ്യാജ രേഖ സമർപ്പിച്ച് വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നു എന്നു കാണിച്ച് ശ്രീ അലക്സ് മാത്യു നൽകിയ പരാതിയിൻമേൽ ആലപ്പുഴ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് SFC B3/78/2019-FIN നമ്പർ ഫയലിലെ ഉത്തരവനുസരിച്ച് 2021 ജനുവരി മാസം 20 നു തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ പരിശോധന നടത്തുകയും തുടർന്ന് ഭവനസന്ദർശനം നടത്തി ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുകയും ചെയ്തു. ശ്രീ.പി.കെ.തോമസിന് തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും 2018 ആഗസ്റ്റ് മാസം മുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചിട്ടുള്ളതും ആയതുപ്രകാരം നാളിതുവരെ 36,800 രൂപ പെൻഷൻ തുകയായി ലഭിച്ചിട്ടുള്ളതുമാണ്. ഭാര്യ ആൻസി തോമസിന് 2016 ഒക്ടോബർ മുതൽ പെൻഷൻ അനുവദിച്ചിട്ടുള്ളതും നാളിതുവരെ ആകെ 57,800 രൂപ ടി ഇനത്തിൽ അനുവദിച്ചിട്ടുള്ളതുമാണ്.

റേഷൻകാർഡ് നം 1417029961 പ്രകാരം ഇവരുടെ വാർഷിക വരുമാനം 66,000 രൂപയാണ്. G.O (Ms) No. 483/2017/fin dated 06.11.2017 പ്രകാരം സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. ടിയാളുകളുടെ മകൻ വിവാഹിതനും ഒരു സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരനുമാണ്. ടിയാൻ താമസിക്കുന്ന വീടിന് ഏകദേശം 1200 സ്ക്വയർ ഫീറ്റ് വിസ്തൃതി മാത്രമാണുള്ളതെന്നു ഭൗതീക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ ചട്ടങ്ങൾ സ്പഷ്ടീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച് 18-11-2019 തീയതിയിലെ പരിപത്രം 90/2019/ധന പ്രകാരം 2000 സ്ക്വയർ ഫീറ്റ് വരെയുള്ള വീട്ടുടമസ്ഥർക്ക് ക്ഷേമ പെൻഷൻ അനുവദിയ്ക്കാവുന്നതും കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ വിവാഹിതരായ മക്കളുടെ വരുമാനം കണക്കാക്കേണ്ടതുമില്ല .ഇതിൽ നിന്നും നിലവിലെ ഉത്തരവുകൾ പ്രകാരം പികെ തോമസിനും, ആൻസി തോമസിനും പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് വ്യക്തമാണ്

ആൻസി തോമസിനും (ആധാർ നം 617386224978) പികെ തോമസിനും (ആധാർ നം 224645382451) മറ്റ് ക്ഷേമ പെൻഷനുകൾ ഒന്നും തന്നെ ലഭിക്കുന്നില്ല എന്ന് പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.ആയതിനാൽ ശ്രീ അലക്സ് മാത്യു സമർപ്പിച്ച പരാതിയിൽ കഴമ്പില്ലയെന്ന് അനുമാനിക്കാവുന്നതാണ്.

**അഡീഷണൽ സെക്രട്ടറിക്കു വേണ്ടി.**

# GOVERNMENT OF KERALA

No.IW-J2/31/2021
E- 1901082

Finance Inspection (NT-J) Department
Thiruvananthapuram
Dated:18-06-2022

**ധനകാര്യ പരിശോധനാ (എൻ.റ്റി-ജെ) വകുപ്പ് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്**

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിൽ 17.7.2017 തീയതിയിൽ ശ്രീ. കോശി ജോർജ്ജിന് നിയമന ഉത്തരവ് നൽകിയ നടപടിക്രമത്തിൽ സംഭവിച്ച ക്രമക്കേട് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തെ കൊണ്ട് സമഗ്രമായ അന്വേഷണം നടത്തുവാൻ ബഹു. കൃഷി വകുപ്പ് മന്ത്രി പിയു2/112/16/കൃഷി നമ്പർ ഫയലിൽ ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ 2022 മാർച്ച് 23 മുതൽ 25 വരെ തീയതികളിൽ ധനകാര്യ പരിശോധന (എൻ.റ്റി-ജെ) വിഭാഗം സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ പുനലൂരിലുള്ള ആസ്ഥാന ഓഫീസ് സന്ദർശിച്ച് മേൽ നിയമനവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും നിയമന പ്രക്രിയയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരിൽനിന്ന് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

പ്രസ്തുത നിയമനത്തിൽ സംഭവിച്ച ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തി 15.11.2016 തീയതിയിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സ്പെഷ്യൽ വിജിലൻസ് സെല്ലും, 09.04.2019 തീയതിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും, 31.03.2021 ന് കൃഷി വകുപ്പ് ജോയിന്റ് സെക്രട്ടറിയും അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനയിലെ കണ്ടെത്തലുകളും അതിന്മേലുള്ള ശിപാർശകളും താഴെ വിവരിക്കുന്നു.

## I. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

കേരളത്തിലെ പൊതുമേഖലയിലുള്ള പഞ്ചസാര മില്ലുകളിലേക്ക് യഥാസമയം അസംസ്കൃത വസ്തുക്കളുടെ വിതരണം ഉറപ്പാക്കുന്നതിനായി, സർക്കാരിൽ നിന്ന് പാട്ടത്തിനെടുത്ത വനഭൂമിയിൽ കരിമ്പ് നടുന്നതിനായി ഇന്ത്യൻ കമ്പനീസ് ആക്ട് 1956 പ്രകാരം 1972-ൽ കേരള സർക്കാരിന്റെ കൃഷി വകുപ്പിന് കീഴിൽ രൂപീകരിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണ് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്. വനമേഖലയിൽ കരിമ്പ് കൃഷി ചെയ്യുന്നത്

വാണിജ്യപരമായി ലാഭകരമല്ലാത്തതിനാൽ 1980-ൽ അത് നിർത്തലാക്കുകയും കോർപ്പറേഷൻ റബ്ബർ കൃഷിയിലേക്ക് മാറുകയും 1820 ഹെക്ടർ റബ്ബർ തോട്ടങ്ങളാക്കി മാറ്റുകയും ചെയ്തു. ചിതൽവെട്ടി, കുമരംകുടി, മുള്ളുമല, ചെരുപ്പിട്ടകാവ് എന്നീ നാല് റബ്ബർ എസ്റ്റേറ്റുകൾ കൊല്ലം ജില്ലയിൽ സ്ഥിതി ചെയ്യുന്നുണ്ട്. റബ്ബർ തോട്ടം കൂടാതെ കോർപ്പറേഷൻ 230 ഹെക്ടർ കശുവണ്ടി, 50 ഹെക്ടർ തെങ്ങ്, 10 ഹെക്ടർ കുരുമുളക് മറ്റ് ഇടവിളകളായ കാപ്പി , കൊക്കോ എന്നിവയും കൃഷി ചെയ്തുവരുന്നു.

ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവർ അടങ്ങുന്ന 11 അംഗങ്ങളുള്ള ഡയറക്ടർ ബോർഡാണ് കോർപ്പറേഷനിലെ നിയമനങ്ങൾ ഉൾപ്പടെയുള്ള കാര്യങ്ങളിൽ സർക്കാർ അംഗീകാരത്തോടെ തീരുമാനമെടുക്കുന്നത്.

<u>II. മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലെ നിയമനത്തിനുള്ള ആദ്യ വിജ്ഞാപനം</u>

സംസ്ഥാന സർക്കാരും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനും അംഗീകരിച്ച സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ സ്റ്റാഫ് പാറ്റേണിലെ ക്രമ നം 3 പ്രകാരം മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേയ്ക്കുള്ള നിയമനം, ഫീഡർ കാറ്റഗറിയായ ഫാം മാനേജർ തസ്തികയിൽ നിന്നുള്ള പ്രമോഷൻ വഴിയോ, അപ്രകാരം പ്രമോഷന് യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തപക്ഷം നേരിട്ടുള്ള നിയമനം വഴിയോ നടത്താവുന്നതാണെന്ന് കാണുന്നു.

മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് പ്രമോഷൻ വഴിയുള്ള നിയമനത്തിനു അംഗീകൃത സർവ്വകലാശാല ബിരുദവും, ഫീഡർ കാറ്റഗറിയായ ഫാം മാനേജർ തസ്തികയിൽ 5 വർഷത്തെ പ്രവർത്തിപരിചയവുമാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള യോഗ്യതയായി കാണിച്ചിരുന്നത് അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദവും, സമാന ഫാം/എസ്റ്റേറ്റുകൾ മാനേജ് ചെയ്യുന്നതിൽ 9 വർഷത്തെ പ്രവർത്തിപരിചയവും, പ്രായ പരിധി 45 വയസ്സുമാണ്.

30.12.2014-ൽ കൂടിയ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ 284-ാമത് ബോർഡ് മീറ്റിംഗിന്റെ 5101-ാം നമ്പർ തീരുമാന പ്രകാരം മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് നിയമന ചട്ടങ്ങൾ പാലിച്ച് കൊണ്ട് നേരിട്ട് നിയമനം നടത്തുന്നതിനും ആയതിലേയ്ക്കായി പത്രപ്പരസ്യം നൽകുന്നതിനും നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിരുന്നു.

എന്നാൽ ഇതേ സമയം ഫാമിംഗ് കോർപ്പറേഷനിലെ കൊമേഴ്സ്യൽ മാനേജരായിരുന്ന ശ്രീ.കെ.സന്തോഷ് കുമാർ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് തനിക്ക് നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു.ഹൈക്കോടതിയിൽ W.P(C) No.1130/2015 ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതി 13.01.2015 ൽ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള നിയമനം പ്രസ്തുത റിട്ട് പെറ്റീഷനിലെ അന്തിമ ഉത്തരവിന് വിധേയമായിരിക്കുമെന്ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 07.03.2015 ൽ ചേർന്ന 285 -ാമത് ബോർഡ് യോഗം 10-ാം നമ്പർ അജണ്ടയായി W.P(C) No.1130/2015

നമ്പർ റിട്ട് പെറ്റീഷനിലെ ഇടക്കാല ഉത്തരവ് പരിഗണിക്കുകയും മാനേജർ(ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള നിയമനം പ്രസ്തുത റിട്ട് പെറ്റീഷനിലെ അന്തിമ ഉത്തരവിന് വിധേയമായിരിക്കുമെന്ന അടിക്കുറിപ്പോടെ ടി തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്താൻ അപേക്ഷ ക്ഷണിച്ചു കൊണ്ട് പത്രപ്പരസ്യം നൽകുന്നതിന് 5118-ാം നമ്പരായി തീരുമാനമെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്താൻ അപേക്ഷ ക്ഷണിച്ചു കൊണ്ട് 29.07.2015 ന് പത്രപ്പരസ്യം നൽകുകയുണ്ടായി.

ഫാമിംഗ് കോർപ്പറേഷനിലെ പേഴ്സണൽ മാനേജരുടെ നേതൃത്വത്തിലുള്ള പേഴ്സണൽ ഡിപ്പാർട്ട്മെന്റാണ് നിയമന നടപടികളുടെ ചുമതല വഹിച്ചിരുന്നത്. 29.07.2015 ന് നൽകിയ പത്രപ്പരസ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനായി 63 അപേക്ഷകൾ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ പേഴ്സണൽ മാനേജർ പരിശോധന നടത്തുകയും 63 അപേക്ഷകളിൽ 8 അപേക്ഷകൾ അവസാന തീയതിയ്ക്ക് ശേഷം ലഭിച്ചതിനാലും, 53 അപേക്ഷകൾ പ്രവൃത്തി പരിചയവും, പ്രായപരിധിയും സംബന്ധിച്ച യോഗ്യതകൾ പാലിക്കാത്തതിനാലും ഒഴിവാക്കാവുന്നതാണെന്ന് 16.11.2015 ലെ SFCK/PER/M/(O) Recruitment 2015/2877 നമ്പർ നോട്ടിൽ ചൂണ്ടിക്കാട്ടുകയുണ്ടായി. കൂടാതെ മതിയായ യോഗ്യതകൾ ഉണ്ടെന്ന് അവകാശപ്പെട്ടു കൊണ്ട് സമർപ്പിച്ച ശ്രീ.കെ.സെൽവം, ശ്രീ.ചെറിയാൻ ജെയിംസ് എന്നീ രണ്ട് ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ പ്രസ്തുത ഉദ്യോഗാർത്ഥികളുടെ പ്രവൃത്തിപരിചയം സംബന്ധിച്ച അവകാശവാദത്തിൽ സംശയം ഉള്ളതിനാൽ ഇവരുടെ ഇ.പി.എഫ് എൻറോൾമെന്റ്, പ്രൊഫഷണൽ ടാക്സ് വിശദാംശങ്ങൾ, ഐ.ടി വിശദാംശങ്ങൾ എന്നിവ പരിശോധിച്ച് പ്രവൃത്തിപരിചയത്തിന്റെ ആധികാരികത ഉറപ്പ് വരുത്തിയ ശേഷം മാത്രമേ ഇവരെ ഷോർട്ട് ലിസ്റ്റ് ചെയ്യാൻ പാടുള്ളൂ എന്നും ഫയലിൽ കുറിക്കുകയുമുണ്ടായി.

തുടർന്ന് മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിന് ഫാമിംഗ് കോർപ്പറേഷനിൽ കമ്പനി സെക്രട്ടറിയായിരുന്ന ശ്രീ.എസ്.ആനന്ദകുമാർ, ജനറൽ മാനേജരായിരുന്ന ശ്രീ.ജോസ് ലറ്റ് മാത്യു ചീഫ് അക്കൗണ്ടന്റ് ഓഫീസറായിരുന്ന ശ്രീ. ഗോപകുമാർ എന്നിവർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് ലഭിച്ച അപേക്ഷകൾ സെലക്ഷൻ കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുകയുണ്ടായി.

ആകെ ലഭിച്ച 63 അപേക്ഷകളിൽ അവസാന തീയതിയ്ക്ക് ശേഷം ലഭിച്ച 8 അപേക്ഷകളും, യഥാസമയം ലഭിച്ച 55 അപേക്ഷകരിൽ വേണ്ടത്ര യോഗ്യതയും, പ്രവൃത്തിപരിചയവും, പ്രായ പരിധിയും സംബന്ധിച്ച യോഗ്യതയില്ലാത്ത 53 അപേക്ഷകളും ഒഴിവാക്കാവുന്നതാണെന്നും ശേഷിക്കുന്ന 2 അപേക്ഷകരിൽ നിന്നും യോഗ്യരായവരെ കണ്ടെത്താൻ ബുദ്ധിമുട്ടായതിനാൽ 29/07/2015 ന് നൽകിയ പത്രപ്പരസ്യത്തിന്റെ അടിസ്ഥാനത്തിലുള്ള നിയമന നടപടികൾ റദ്ദാക്കാമെന്ന് ചൂണ്ടിക്കാട്ടുകയും മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് പുതിയതായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമെന്ന് സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുകയുമുണ്ടായി.

അതിൻ പ്രകാരം മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് പുതുതായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമെന്ന ശിപാർശ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ശ്രീ.ഷിബുകുമാർ അംഗീകരിക്കുകയുണ്ടായി. എന്നാൽ പുതിയതായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന വിഷയം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുകയോ ഇതു സംബന്ധിച്ച് ബോർഡ് തീരുമാനമെടുക്കുകയോ ചെയ്തതായി കാണുന്നില്ല.

**III. <u>മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലെ നിയമനത്തിനുള്ള പുതിയ വിജ്ഞാപനം</u>**

മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ 29/07/2015 ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള നടപടിക്രമങ്ങൾ റദ്ദ് ചെയ്യുകയും 14.01.2016 തീയതിയിൽ പുതിയതായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകൊണ്ട് പത്രത്തിൽ പരസ്യം നൽകുകയുമുണ്ടായി.

പ്രസ്തുത നിയമന ഫയലിൽ അന്നത്തെ പേഴ്സണൽ മാനേജരായിരുന്ന ശ്രീ.ബാബുരാജ്, മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള യോഗ്യതയായ '9 Years experience in Managing Similar Farm/ Estate ' എന്നതിലെ 'Similar Farm/ Estate' എന്നതിന് 'Similar Farm/Estate ' means **'Large scale plantation of Rubber, Tea, Coffee, Cardamom and Oil Palm'** എന്ന് പത്രപ്പരസ്യത്തിൽ വിശദീകരണം നൽകാവുന്നതാണെന്ന് അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. 9 Years experience in Managing എന്നതിന് **'Experience shall not be below the capacity of Asst.Manager'** എന്ന് പത്രപ്പരസ്യത്തിൽ വിശദീകരണം നൽകാവുന്നതാണെന്ന് മാനേജിംഗ് ഡയറക്ടർ തീരുമാനമെടുക്കുകയും അതിൻ പ്രകാരം താഴെ ചേർക്കും പ്രകാരം യോഗ്യതയും പ്രവൃത്തിപരിചയവും സംബന്ധിച്ച് പത്രപ്പരസ്യം നൽകുകയുണ്ടായി.

14.01.2016 ന് പുതിയ പത്രപ്പരസ്യം നൽകിയത് സ്റ്റാഫ് പാറ്റേണിൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം ചുവടെ പറയുന്ന യോഗ്യതയുടെ അടിസ്ഥാനത്തിലാണ്.

➡ A Degree from a recognized University or Equivalent Qualification.

➡ 9 Years experience in Managing Similar Farm/ Estate

എന്നാൽ അടിക്കുറിപ്പായി

' Similar Farm/Estate means Large scale plantation of Rubber, Tea, Coffee, Cardamom and Oil Palm.

Experience shall not be below the capacity of Asst.Manager.' എന്ന് രേഖപ്പെടുത്തുകയും ചെയ്തു.

14.01.2016 ലെ പത്രപ്പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 10 അപേക്ഷകളിൽ 2

അപേക്ഷകൾ പ്രായപരിധി കഴിഞ്ഞതിനാലും 3 അപേക്ഷകൾ ആവശ്യമായ പ്രവൃത്തിപരിചയം ഇല്ലാത്തതിനാലും ഒഴിവാക്കിയതായി പേഴ്സണൽ മാനേജർ 01/2/2016ൽ നോട്ടിൽ രേഖപ്പെടുത്തുകയുണ്ടായി. തുടർന്ന് കമ്പനി സെക്രട്ടറിയായിരുന്ന ശ്രീ.എസ്.ആനന്ദകുമാർ, ജനറൽ മാനേജരായിരുന്ന ശ്രീ.ജോസ് ലറ്റ് മാത്യു , ചീഫ് അക്കൗണ്ടന്റ് ഓഫീസറായിരുന്ന ശ്രീ. ഗോപകുമാർ എന്നിവർ അടങ്ങിയ സെലക്ഷൻ കമ്മിറ്റി ക്രമ നമ്പർ 9 -നെ കൂടി ഉൾപ്പെടുത്തി ആറ് പേരെ ഇന്റർവ്യൂവിന് ക്ഷണിക്കുവാനും, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റിന്റെ അസൽ ഇന്റർവ്യൂ സമയത്ത് ഹാജരാക്കുവാനും നിർദ്ദേശിക്കുകയുമുണ്ടായി.

സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ ലിസ്റ്റ് പരിശോധിച്ചതിൽ (1) ശ്രീ.കോശി ജോർജ്ജ് (2) ശ്രീ.ബിജോ ബാബു, (3) ശ്രീ.സംഗീത് സത്യൻ (4)ശ്രീ.ഷിൻസ് ജോസഫ് (5) ശ്രീ.ചെറിയാൻ ജയിംസ് (6) ശ്രീ.രഞ്ചു അപ്പുക്കുട്ടൻ എന്നിവരെയാണ് ഇന്റർവ്യൂവിന് തെരഞ്ഞെടുത്തിരുന്നത്. 15.02.2016 ലെ SFCK/PER/M(O)/4031 നമ്പർ കത്ത് പ്രകാരം സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്ത 6 ഉദ്യോഗാർത്ഥികളോട് 24.02.2016 ന് 10.AM ന് മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള വയസ്സും, വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷനായി സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ആസ്ഥാനത്ത് ഹാജരാകണമെന്നും 10.30 AM ന് മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്തുമെന്നും അറിയിക്കുകയുണ്ടായി.

നിയമനത്തിനായി ശിപാർശ ചെയ്യപ്പെട്ട ശ്രീ.കോശി ജോർജ്ജിന്റെ അപേക്ഷ പ്രകാരം ടിയാന്റെ പ്രവൃത്തിപരിചയം ചുവടെ കൊടുത്തിരിക്കുന്നത് പ്രകാരമാണ്.

| കാലയളവ് | വർഷം | തസ്തിക | സ്ഥാപനം | അപേക്ഷയോടൊപ്പം ലഭ്യമാക്കിയ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് സംബന്ധിച്ച് |
|---|---|---|---|---|
| 1998-99 | 1 | അസിസ്റ്റന്റ് മാനേജർ | ഹോർട്ടിക്കോർപ്പ് | അപേക്ഷയോടൊപ്പം പ്രസ്തുത പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |
| 1999-2000 | 1 | റീജിയണൽ മാനേജർ | ഹോർട്ടിക്കോർപ്പ് | |
| 2007-08 | 1 | അസിസ്റ്റന്റ് മാനേജർ | ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനി | അപേക്ഷയോടൊപ്പം പ്രസ്തുത പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. |
| 2008-09 | 1 | അസിസ്റ്റന്റ് മാനേജർ | ഹാരിസൺസ് മലയാളം ലിമിറ്റഡ് | |
| 2009-15 | 7 | മാനേജർ ഫീൽഡ് ഓപ്പറേഷൻസ് | ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനി | |

എന്നാൽ ടിയാന്റെ അപേക്ഷയോടൊപ്പം ഹോർട്ടിക്കോർപ്പിൽ നിന്നും നൽകിയ 2 വർഷത്തെ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നത്. മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യതുമായി ബന്ധപ്പെട്ട പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകളൊന്നും തന്നെ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ലായെന്ന വിവരം കമ്പനി സെക്രട്ടറിയായിരുന്ന ശ്രീ.എസ്.ആനന്ദകുമാർ, ജനറൽ മാനേജരായിരുന്ന ശ്രീ.ജോസ് ലറ്റ് മാത്യു ചീഫ് അക്കൗണ്ടന്റ് ഓഫീസറായിരുന്ന ശ്രീ.ഗോപകുമാർ എന്നിവർ അടങ്ങിയ സെലക്ഷൻ കമ്മിറ്റി അപേക്ഷയുടെ സൂക്ഷ്മ പരിശോധനാ സമയത്ത് കുറിപ്പായി റിമാർക്സ് കോളത്തിൽ

രേഖപ്പെടുത്തുകയും, ഇന്റർവ്യൂവിൽ പങ്കെടുക്കണമെങ്കിൽ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകളുടെ അസൽ ഹാജരാക്കണമെന്ന് ഇന്റർവ്യൂവിനുള്ള കോൾ ലെറ്റർ അയയ്ക്കുമ്പോൾ ഉദ്യോഗാർത്ഥിയെ അറിയിക്കണമെന്നും രേഖപ്പെടുത്തിയിരുന്നു. 15.02.2016 ലെ SFCK/PER/M(O)/4031 നമ്പർ കത്ത് പ്രകാരം പ്രസ്തുത വിവരം ഉദ്യോഗാർത്ഥിയെ അറിയിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത ഇന്റർവ്യൂവിന് സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്കായി ചുമതലപ്പെടുത്തിയിരുന്ന ജീവനക്കാരുടെയും സർട്ടിഫിക്കറ്റ് പരിശോധനാ വിവരങ്ങൾക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥരുടെയും വിവരങ്ങളും ആയതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പുകളും ലഭ്യമാക്കുന്നതിന് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണകുറിപ്പ് മുഖേന ആവശ്യപ്പെട്ടിരുന്നതിന് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം മറുപടി നൽകി:

*''സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ മാനേജർ (ഓപ്പറേഷൻസ്) ന്റെ നിയമനവുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ ക്രോഡീകരിക്കുകയും ഓഫീസർ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും കമ്മിറ്റിയുടെ നിബന്ധനകൾക്കും ശിപാർശകൾക്കും വിധേയമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും പേഴ്സണൽ മാനേജരുടെ ഉത്തരവാദിത്തമാണ്. അപ്രകാരം അപേക്ഷകൾ ജനറൽ മാനേജർ കമ്പനി സെക്രട്ടറി, ചീഫ് അക്കൗണ്ട്സ് ഓഫീസർ എന്നിവരടങ്ങുന്ന ഓഫീസർ കമ്മിറ്റി പരിശോധിക്കുകയും കണ്ടെത്തലുകളും ശിപാർശകളും അടക്കം പേഴ്സണൽ മാനേജർക്ക് നൽകിയിട്ടുള്ളതുമാണ്. ഇന്റർവ്യൂ ദിവസം ഉദ്യോഗാർത്ഥികളുടെ യോഗ്യതയും പ്രവൃത്തിപരിചയവും പരിശോധിച്ച് ഉറപ്പുവരുത്തി സെലക്ഷൻ കമ്മിറ്റി (ബോർഡ് സബ് കമ്മിറ്റി) മുമ്പാകെ ഉദ്യോഗാർത്ഥികളെ ഷെഡ്യൂൾ ചെയ്ത് സമയക്രമമനുസരിച്ച് കടത്തിവിടേണ്ട ഉത്തരവാദിത്തവും പേഴ്സണൽ മാനേജർക്കാണ്. ഇന്റർവ്യൂ ദിവസം യോഗ്യതയോ പ്രവൃത്തിപരിചയമോ പരിശോധിക്കുന്നതിന് പ്രത്യേക ഓഫീസർ കമ്മിറ്റിയെ നിയോഗിക്കേണ്ടതായോ അതിന് അനുമതിയോ അംഗീകാരമോ തേടേണ്ടതായോ ഉള്ള ഒരു ചട്ടം നിലവിലും മുമ്പും ഇല്ലാത്തതാകുന്നു.''*

എന്നാൽ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള ഇന്റർവ്യൂവിന് മുമ്പായി ഉദ്യോഗാർത്ഥികളുടെ പ്രവൃത്തിപരിചയം (9 Years experience in Managing Similar Farm/ Estate) ഉൾപ്പെടെയുള്ള യോഗ്യതകൾ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുടെയും രേഖകളുടെയും പരിശോധന നടത്തിയതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തുകയോ പ്രവൃത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഫയലിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇന്റർവ്യൂവിന് ഹാജരായ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ ഏത് ഉദ്യോഗസ്ഥനാണ് പരിശോധന നടത്തിയതെന്നും നിയമന ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച യാതൊരു രേഖയും ഹാജരാക്കുവാൻ കോർപ്പറേഷന് സാധിച്ചിട്ടില്ല.

IV. 24.02.2016 തീയതിയിൽ നടത്തിയ ഇന്റർവ്യൂ

മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള അഭിമുഖത്തിനായി സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്ത 6 ഉദ്യോഗാർത്ഥികളോട് 24.02.2016 ന് 10.AM ന് വയസ്സും, വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ നടത്തുന്നതിനായി സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ആസ്ഥാനത്ത് ഹാജരാകണമെന്നും 10.30 AM ന് മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്തുമെന്നും കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ 15.02.2016 ലെ SFCK/PER/M(O)/4031 നമ്പർ കത്ത് പ്രകാരം ഉദ്യോഗാർത്ഥികളെ അറിയിച്ചിരുന്നു. തുടർന്ന് മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള ഇന്റർവ്യൂ 24.02.2016 ൽ നടന്നു. പ്രസ്തുത സമയത്തെ ഫാമിംഗ് കോർപ്പറേഷൻ ചെയർമാൻ ശ്രീ.മോഹനൻപിള്ള, ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീമതി. ഓമന പി.ബി, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ. പുഗഴേന്തി IFS, പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ.എ. ഉണ്ണികൃഷ്ണൻ, റബ്ബർ ബോർഡ് ജോയിന്റ് പ്രൊഡക്ഷൻ കമ്മീഷണർ ശ്രീ.വി. മോഹനൻ, ഗവണ്മെന്റ് പ്രതിനിധിയായി അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിൽ നിന്നും ശ്രീ.അയ്യപ്പൻ കരുക്കൾ എന്നിവരായിരുന്നു ഇന്റർവ്യൂ ബോർഡിലെ അംഗങ്ങൾ.

ഇന്റർവ്യൂവിന് പങ്കെടുത്ത ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ ബോർഡിലെ അംഗങ്ങൾ നൽകിയ മാർക്കുകളും ശരാശരി മാർക്കുകളും ചുവടെ ചേർക്കുന്നു. ഓരോ അംഗത്തിനും നൽകാവുന്ന പരമാവധി മാർക്ക് 25 ഉം ആകെ പരമാവധി മാർക്ക് 150 ഉം (25*6) ആയിരുന്നു.

| ക്രമനം | പേര് | ശ്രീ.മോഹനൻപിള്ള നൽകിയ മാർക്ക് | ശ്രീ. പുഗഴേന്തി IFS നൽകിയ മാർക്ക് | ശ്രീ.വി. മോഹനൻ നൽകിയ മാർക്ക് | ശ്രീ.എ. ഉണ്ണികൃഷ്ണൻ നൽകിയ മാർക്ക് | ശ്രീമതി. ഓമന പി.ബി നൽകിയ മാർക്ക് | ശ്രീ.അയ്യപ്പൻ കരുക്കൾ നൽകിയ മാർക്ക് | ശരാശരി മാർക്ക് |
|---|---|---|---|---|---|---|---|---|
| 1 | കോശി ജോർജ് | 20 | 20 | 20 | 18 | 20 | 15 | 75% |
| 2 | സംഗീത് സത്യൻ | 18 | 18 | 15 | 16 | 18 | 13 | 65% |
| 3 | ബിജോ ബാബു | 16 | 10 | 12 | 12 | 17 | 12 | 53% |
| 4 | ചെറിയാൻ ജെയിംസ് | 10 | 7 | 9 | 10 | 8 | 11 | 37% |
| 5 | രഞ്ചു അപ്പുകുട്ടൻ | 12 | 5 | 9 | 9 | 9 | 10 | 36% |

അഭിമുഖത്തിൽ 75% മാർക്ക് നേടിയ ശ്രീ.കോശി ജോർജിന് ഒന്നാം റാങ്ക് നൽകി റാങ്ക് ലിസ്റ്റിന്റെ കരട് തയ്യാറാക്കുകയും 29.2.2016-ൽ കൂടിയ 293-ാമത് ഫാമിംഗ് കോർപ്പറേഷൻ

ബോർഡ് മീറ്റിംഗിൽ 5328-ാം നമ്പർ തീരുമാന പ്രകാരം 29.2.2016 മുതൽ മൂന്നു വർഷ കാലാവധിയോടുകൂടി മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള കരട് റാങ്ക് ലിസ്റ്റ് അംഗീകരിക്കുകയും പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ഒന്നാം റാങ്കുകാരനായ ശ്രീ.കോശി ജോർജ്ജിന് ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചശേഷം നിയമനം നൽകുന്നതിനും തീരുമാനമെടുത്തു. തുടർന്ന് 02.3.2016 തീയതിയിൽ ടി നിയമനത്തിന്റെ അംഗീകാരത്തിനായി No.SFCK/PER/CWG/M(O)/4222 നമ്പർ കത്ത് സർക്കാറിലേക്ക് അയയ്ക്കുകയും ചെയ്യുകയുണ്ടായി. കൃഷി വകുപ്പിന്റെ 01.04.2016 തീയതിയിലെ 59/PU2/16/AD, നമ്പർ കത്ത് പ്രകാരം കൃഷി വകുപ്പിൽ നിന്നും മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് നിയമനത്തിനുള്ള അംഗീകാരം ലഭിക്കുകയും നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഇലക്ഷൻ നടപടിക്രമങ്ങൾ അവസാനിച്ച ശേഷം ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവ് അയയ്ക്കുവാൻ നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി.

എന്നാൽ നിയമന ഉത്തരവ് നൽകുന്നതിൽ കാലതാമസം നേരിട്ടതിനാൽ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ ഒന്നാം സ്ഥാനത്തുള്ള തനിക്ക് നിയമന ഉത്തരവ് നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.കോശി ജോർജ് 04.06.2016 തീയതിയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകുകയുണ്ടായി. അതേ സമയം പ്രസ്തുത നിയമന നടപടിക്രമങ്ങളിൽ ക്രമക്കേട് നടന്നുവെന്ന പരാതിയിൽ നിയമനം സംബന്ധിച്ച ഫയലുകൾ കൃഷി (പിയു) വകുപ്പ് പരിശോധിക്കുകയും നിയമനം സംബന്ധിച്ച് പരിശോധിക്കുന്നതിന് കൃഷി വകുപ്പിന്റെ സ്പെഷ്യൽ വിജിലൻസ് സെല്ലിനോട് ആവശ്യപ്പെടുകയും ചെയ്തു.

മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് നിയമന ഉത്തരവ് നൽകാതിരുന്ന സാഹചര്യത്തിൽ ശ്രീ.കോശി ജോർജ്ജ് കേരള ഹൈക്കോടതിയിൽ WP(C)No.20018/2016/B ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും തുടർന്ന് 23.6.2016-ൽ ബഹുമാനപ്പെട്ട കോടതിയിൽ നിന്നും ലഭിച്ച ഇടക്കാല ഉത്തരവിൽ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് ടിയാന് പ്രൊവിഷണൽ നിയമനം നൽകാൻ ഉത്തരവാകുകയുമുണ്ടായി. എന്നാൽ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള നിയമന നടപടികളുമായി ബന്ധപ്പെട്ടുള്ള അഴിമതി സംബന്ധിച്ച് വിജിലൻസ് പരിശോധന നടക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 23.06.2016 ൽ പുറപ്പെടുവിച്ച WP(C)No.20018/2016/B നമ്പർ ഉത്തരവ് സ്റ്റേ ചെയ്യുന്നതിനായി സർക്കാർ Writ No.1663/2016 ആയി അപ്പീൽ ഫയൽ ചെയ്തുവെങ്കിലും പ്രസ്തുത റിട്ട് അപ്പീൽ 10.04.2017 ലെ ഡിവിഷൻ ബഞ്ച് തള്ളുകയുണ്ടായി.

മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായുള്ള 01.04.2016 തീയതിയിലെ 56/PU2/16/AD നമ്പർ കത്തിലെ അനുമതി പിൻവലിച്ചതായും, 6 വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികയിലേക്ക് താത്കാലിക ചുമതല നൽകി ഉദ്യോഗസ്ഥരെ നിയമിച്ച് വരുന്ന സാഹചര്യത്തിൽ ടി തസ്തിക റദ്ദ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും കാണിച്ചുകൊണ്ട് 18.5.2017 തീയതിയിൽ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 112/PU2/2016/കൃഷി, നമ്പർ കത്ത് മുഖേന ഫാമിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

തുടർന്ന് 26.5.2017-ൽ ചേർന്ന 310-ാം നമ്പർ ബോർഡ് മീറ്റിംഗ് തീരുമാനം നമ്പർ 5692 പ്രകാരം ഹൈക്കോടതിയുടെ അനുമതിയോട്ടുകൂടി മാനേജർ (ഓപ്പറേഷൻസ്) തസ്തിക റദ്ദ് ചെയ്യാനും ടി തസ്തികയിൽ നിയമനം നടത്താതിരിക്കാനും തീരുമാനമെടുത്തു. എന്നാൽ സർക്കാരിൽ നിന്നും 28.6.2017-ൽ ലഭിച്ച 112/പി.യു2/2016/കൃഷി നമ്പർ കത്ത് പ്രകാരം 18.5.2017 കത്തിലെ നിർദ്ദേശം തൽക്കാലം മരവിപ്പിക്കുന്നതിനും നിർദ്ദേശം നൽകി.

ശ്രീ.കോശി ജോർജ്ജ് ഫയൽ ചെയ്ത CCC No-1028/2017 എന്ന കോടതിയലക്ഷ്യ നടപടികൾ സംബന്ധിച്ച് കോർപ്പറേഷന്റെ സ്റ്റാന്റിംഗ് കൗൺസിൽ 11.7.2017-ൽ നൽകിയ കത്തിൽ ശ്രീ.കോശി ജോർജ്ജിന് ടി തസ്തികയിലേക്ക് പ്രൊവിഷനൽ നിയമനം നൽകണമെന്ന കോടതിയുടെ ഉത്തരവ് 19.7.2017-ന് മുമ്പ് നടപ്പിലാക്കണമെന്ന് കോടതി അന്ത്യശാസനം നൽകിയെന്നും, അല്ലാത്തപക്ഷം മാനേജിംഗ് ഡയറക്ടറുടെ പേരിൽ കോടതിയലക്ഷ്യ നടപടിയെടുക്കുമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 17.7.2017-ൽ SFCK/PER/2017-18/1411 നമ്പരായി ശ്രീ.കോശി ജോർജ്ജിന് ടി തസ്തികയിലേക്ക് പ്രൊവിഷനൽ നിയമനത്തിന് ഉത്തരവ് നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കോശി ജോർജ്ജ് മാനേജർ (ഓപ്പറേഷൻസ്) തസ്തികയിൽ ഫാമിംഗ് കോർപ്പറേഷനിൽ 21.07.2017 തീയതിയിൽ ജോലിയിൽ പ്രവേശിച്ചു.

## V. <u>സർക്കാർ തീരുമാനം അംഗീകരിച്ചുകൊണ്ട് കോടതി പുറപ്പെടുവിച്ച വിധികൾ</u>

WP(C)No.20018/2016/B കേസിലെ ബഹു.ഹൈക്കോടതിയുടെ 2018 ഫെബ്രുവരി 22 തീയതിയിലെ അന്തിമ വിധിയിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെയാണ് മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള നിയമന നടപടിക്രമങ്ങൾ നടത്തിയതെന്നും, ടി തസ്തികയിൽ നിയമനം നടത്തുന്നതിന് അടിയന്തിര സാഹചര്യമില്ലെന്നുമുള്ള സർക്കാറിന്റെ വാദം കോടതി അംഗീകരിക്കുകയും ടി തസ്തികയിലേക്ക് നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കോശി ജോർജ്ജ് നൽകിയ റിട്ട് പെറ്റീഷൻ തള്ളുകയും ചെയ്തു.

WP(C)No.20018/2016/B കേസിന്റെ 2018 ഫെബ്രുവരി 22 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിന്റെ വിധിയിൻമേൽ ശ്രീ കോശി ജോർജ്ജ് 558/2018 നമ്പരായി ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകുയുണ്ടായി. 29.09.2020 ലെ ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവിൽ സിംഗിൾ ബെഞ്ചിന്റെ വിധി ശരിവയ്ക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 21.10.2020 ലെ SFCK/Persl/2020-21/2930 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.കോശി ജോർജ്ജിനെ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ നിന്ന് ടെർമിനേറ്റ് ചെയ്തു. എന്നാൽ ശ്രീ.കോശി ജോർജ്ജ് മേൽ വിധിക്കെതിരെ ബഹു.സുപ്രീംകോടതിയിൽ SLP No. 16052/2020 നമ്പരായി സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുകയാണ്.നിലവിൽ ഈ കേസ് ബഹു.സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

## VI. <u>സർക്കാറിന്റെ മുൻകൂർ അനുമതിയില്ലാതെ സ്വീകരിച്ച നിയമന നടപടി</u>

ധനകാര്യ വകുപ്പിന്റെ 22.10.2001 ലെ ജി.ഒ.(പി)1208/2001/ധന നമ്പർ ഉത്തരവ് പ്രകാരം 1 (ഒന്ന്) വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ അടിയന്തിരമായി

റദ്ദാക്കേണ്ടതാണെന്നും, പ്രസ്തുത തീരുമാനത്തിന് ഇളവ് നൽകാൻ മന്ത്രിസഭയ്ക്ക് മാത്രമേ അധികാരമുള്ളൂവെന്നും ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായാണ് 4 വർഷത്തിലധികമായി ഒഴിഞ്ഞു കിടന്ന മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് നിയമനം നടത്താൻ ഫാമിംഗ് കോർപ്പറേഷൻ നടപടി സ്വീകരിച്ചത്. ധനകാര്യ വകുപ്പിന്റെ 22.10.2001 ലെ ജി.ഒ.(പി)1208/2001/ധന നമ്പർ ഉത്തരവിനെ കുറിച്ച് ഫാമിംഗ് കോർപ്പറേഷൻ അറിയുകയോ അതുപ്രകാരം നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലാ എന്നാണ് ഫാമിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നത്.

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ 38(i) പ്രകാരം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരാത്ത ജനറൽ മാനേജർ, കമ്പനി സെക്രട്ടറി, ചീഫ് അക്കൗണ്ട്സ് ഓഫീസർ, പേഴ്സണൽ മാനേജർ, ലേബർ വെൽഫയർ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ഇന്റേണൽ ഓഡിറ്റർ, കൊമേഴ്സ്യൽ മാനേജർ, ഫാക്ടറി മാനേജർ, മെഡിക്കൽ ഓഫീസർ, ലേഡി മെഡിക്കൽ ഓഫീസർ, റബ്ബർ ടെക്നോളജിസ്റ്റ് എന്നീ തസ്തികകളിലെ നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരാത്ത ഉയർന്ന തസ്തികയായ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലെ നിയമനത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന് കമ്പനിയുടെ ആർട്ടിക്കിൾ ഓഫ് അസോസിയേഷനിൽ പരാമർശിക്കുന്നില്ല.

ഫാക്ടറി മാനേജർ, റബ്ബർ ടെക്നോളജിസ്റ്റ് തുടങ്ങിയ ലോവർ തസ്തികകൾ ഉൾപ്പെടെ ആർട്ടിക്കിൾ ഓഫ് അസോസിയേഷനിൽ നിയമനത്തിന് മുൻകൂർ സർക്കാർ അനുമതി വേണമെന്ന് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും മാനേജർ (ഓപ്പറേഷൻസ്) തസ്തിക ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ 38(i) ൽ ഉൾപ്പെടുത്താതിരുന്നത് സംബന്ധിച്ച വ്യക്തത സർക്കാരിൽ നിന്ന് ലഭ്യമാക്കാതെയാണ് മേൽ തസ്തികയിൽ സ്ഥിര നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്.

VII. <u>മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലെ നിയമന നടപടികളിൽ പേഴ്സണൽ മാനേജരായിരുന്ന ശ്രീ. ബാബുരാജിന്റെ ചുമതല</u>

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് നിയമന നടപടികൾ നടക്കുന്ന കാലയളവിൽ ശ്രീ.ബാബുരാജ് ആയിരുന്നു സ്ഥാപനത്തിലെ പേഴ്സണൽ മാനേജർ. ശ്രീ.ബാബുരാജ് തനിക്ക് റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, പുനലൂർ എന്ന സ്ഥാപനത്തിൽ നിന്ന് മാനേജർ (പി&എ) എന്ന തസ്തികയിലേക്ക് നിയമന ഉത്തരവ് ലഭിച്ചുവെന്നും ആയതിനാൽ തനിക്ക് 26.02.2016 ൽ പ്രസ്തുത ജോലിയിൽ പ്രവേശിക്കേണ്ടതിനാൽ തന്നെ 25.02.2016 അപരാഹ്നത്തിൽ ഫാമിംഗ് കോർപ്പറേഷനിലെ ജോലിയിൽ നിന്ന് വിടുതൽ ചെയ്യണമെന്ന് അപേക്ഷിച്ചിരുന്നു.

പ്രസ്തുത അപേക്ഷ ഫാമിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അംഗീകരിക്കുകയും

ശ്രീ.ബാബുരാജ് കൈകാര്യം ചെയ്തിരുന്ന ഫയലുകൾ അടിയന്തിരമായി ലേബർ വെൽഫയർ ഓഫീസർ ശ്രീ.കുര്യൻ തോമസിന് കൈമാറാൻ ഉത്തരവിടുകയും ചെയ്തു. തുടർന്ന് 22.02.2016 ൽ ശ്രീ. ബാബുരാജ് 26.02.2016 തീയതി അപരാഹ്നത്തിൽ സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുമെന്നും ടിയാന് എന്തെങ്കിലും ബാധ്യതയുണ്ടെങ്കിൽ 2 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണമെന്നും ആവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർ ഫാമിംഗ് കോർപ്പറേഷനിലെ എല്ലാ വകുപ്പുകൾക്കും കുറിപ്പ് നൽകി.

ഇന്റർവ്യൂവിന് ഹാജരായ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ ഏത് വകുപ്പാണ് പരിശോധിച്ചത് എന്നതിന് ലഭ്യമാക്കിയ വിശദീകരണത്തിൽ പേഴ്സണൽ മാനേജരാണ് സർട്ടിഫിക്കറ്റ് പരിശോധനയുടെ ചുമതലയെന്നും പരിശോധനയ്ക്ക് മറ്റ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടില്ലായെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

എന്നാൽ അന്നത്തെ പേഴ്സണൽ മാനേജരായിരുന്ന ശ്രീ.ബാബുരാജ് കൃഷി വകുപ്പ് നൽകിയ മെമ്മോയ്ക്ക് ഇതു സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരമാണ് മറുപടി നൽകിയിട്ടുള്ളത്.

*''24.02.2016-ന് ഞാൻ ചുമതല ഒഴിയുന്നതിന്റെ തിരക്കുകളിലായതിനാൽ ഇന്റർവ്യൂവിന് മുമ്പ് സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിനായി കമ്പനിയുടെ ജനറൽ മാനേജരായ ശ്രീ. ജോസ് ലെറ്റ് മാത്യു പേഴ്സണൽ വകുപ്പിലെ ജൂനിയർ സൂപ്രണ്ടായി ജോലി ചെയ്തിരുന്ന ശ്രീ അജയൻ എന്നിവരെ മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുകയും ഹെഡ് ഓഫീസ് കെട്ടിടത്തിലെ രണ്ടാം നിലയിലുള്ള ജനറൽ മാനേജരായ ശ്രീ. ജോസ് ലെറ്റ് മാത്യുവിന്റെ ക്യാബിനിൽ വെച്ച് ഇരുവരും ചേർന്ന് സർട്ടിഫിക്കറ്റുകൾ പരിശോധിക്കുകയും ചെയ്യുകയാണ് ഉണ്ടായത്. ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളോട് നേരിട്ട് അന്വേഷിച്ചാൽ ഇക്കാര്യം ബോദ്ധ്യപ്പെടാവുന്നതാണ്. ആയതിനാൽ ഇന്റർവ്യൂവിന് മുമ്പായി ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കപ്പെട്ടിട്ടുണ്ട് എന്നും ടി പരിശോധനയിൽ പേഴ്സണൽ മാനേജരായ ഞാൻ ഉണ്ടായിരുന്നില്ല എന്നും വ്യക്തമാണ്. 24.02.2016-ന് നടന്ന ഇന്റർവ്യൂവുമായി ബന്ധപ്പെട്ട ഫയലുകൾ അന്നോ അതിനുശേഷമോ എന്റെ കൈയ്യിലെത്തിയിട്ടില്ലാത്തതാണ്.''*

25.02.2016 (അപരാഹ്നം) തീയതിയിലാണ് പേഴ്സണൽ മാനേജരായിരുന്ന ശ്രീ.ബാബുരാജ് പേഴ്സണൽ മാനേജരുടെ ചാർജ്ജും ബന്ധപ്പെട്ട ഫയലുകളും കോർപ്പറേഷനിലെ ലേബർ വെൽഫയർ ഓഫീസറായിരുന്ന ശ്രീ. കുര്യൻ തോമസിന് കൈമാറി കോർപ്പറേഷനിൽ നിന്നും വിടുതൽ ചെയ്തത്.

## VIII. <u>ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലുകൾ</u>

### 1. <u>21.06.2000 മുതൽ ഒഴിഞ്ഞ് കിടക്കുന്ന മാനേജർ(ഓപ്പറേഷൻസ്) തസ്തികയിൽ സർക്കാർ അനുമതിയില്ലാതെ നിയമനം നടത്തി</u>

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ മാനേജർ (ഓപ്പറേഷൻസ്) തസ്തിക 21.06.2000 മുതൽ ഒഴിഞ്ഞ് കിടക്കുകയായിരുന്നു. 21.06.2000 മുതൽ 03.05.2010 വരെ വിവിധ ഉദ്യോഗസ്ഥർക്ക് മേൽ തസ്തികയുടെ അധിക ചുമതല നൽകിയിരുന്നെങ്കിലും 04.05.2010 മുതൽ

മേൽ തസ്തികയിൽ ആർക്കും അധിക ചുമതല ഉണ്ടായിരുന്നില്ല.

ധനകാര്യ വകുപ്പിന്റെ 22.10.2001 ലെ ജി.ഒ.(പി)1208/2001/ ധന നമ്പർ ഉത്തരവ് പ്രകാരം ഒരു വർഷത്തിലധികം ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ റദ്ദുചെയ്യണമെന്നും, പ്രസ്തുത തീരുമാനത്തിന് ഇളവ് നൽകാൻ മന്ത്രിസഭയ്ക്ക് മാത്രമേ അധികാരമുള്ളുവെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ 4 വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന മാനേജർ (ഓപ്പറേഷൻസ്) തസ്തിക റദ്ദ് ചെയ്യുന്നതിനു പകരം ആ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടിയാണ് കോർപ്പറേഷൻ സ്വീകരിച്ചത്. ഇതു സംബന്ധിച്ച് കോർപ്പറേഷൻ ലഭ്യമാക്കിയ മറുപടിയിൽ ധനകാര്യ വകുപ്പിന്റെ മേൽ ഉത്തരവിനെ കുറിച്ച് ഫാമിംഗ് കോർപ്പറേഷൻ അറിയുകയോ അതുപ്രകാരം നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും മേൽ നിയമന നടപടിക്രമങ്ങൾ ബോർഡിൽ ചർച്ച ചെയ്ത് നിയമനം നടത്തുന്നതിനായി 31.12.2014 ലെ 284-ാമത് ബോർഡ് യോഗത്തിൽ 5101-ാം നമ്പർ തീരുമാനമെടുത്തപ്പോൾ ബോർഡ് അംഗങ്ങൾ ആരും തന്നെ പ്രസ്തുത വിവരങ്ങൾ ചൂണ്ടിക്കാണിച്ചിട്ടില്ലെന്നും ബോർഡ് ഏകകണ്ഠമായി തീരുമാനമെടുക്കുകയാണുണ്ടായതെന്നുമാണ് പരിശോധനയിൽ വ്യക്തമാവുന്നത്.

4 വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികയാണ് പ്രസ്തുത തസ്തികയെന്നുള്ള വിവരം ബോർഡിനെയോ സർക്കാരിനെയോ അറിയിച്ചിരുന്നില്ല. ബോർഡിനെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടാണ് പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. പിന്നീട് സർക്കാരിന് ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമായപ്പോൾ 18.05.2017 ലെ 112/പിയു2/2016/കൃഷി നമ്പർ കത്ത് പ്രകാരം ടി തസ്തിക റദ്ദ് ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി.

മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി ഇന്റർവ്യൂ നടത്താനുള്ള തീരുമാനത്തിനെതിരെ ബോർഡ് അംഗം സുധാകരൻ പള്ളത്ത് 16.02.2016 തീയതിയിൽ ഫാമിംഗ് കോർപ്പറേഷൻ ചെയർമാന് വിയോജനക്കുറിപ്പ് നൽകുകയുണ്ടായി.

മേൽ വസ്തുതകളിൽ നിന്നും ഇതു സംബന്ധിച്ച് വ്യക്തമായ ധാരണ കോർപ്പറേഷന് ഉണ്ടായിരുന്നെങ്കിലും തസ്തിക നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് പകരം തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചത് നടപടിക്രമത്തിലെ വീഴ്ചയായി പരിശോധനാ വിഭാഗം വിലയിരുത്തുന്നു.

2. <u>ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധനയിൽ സംഭവിച്ച വീഴ്ച</u>

കോർപ്പറേഷനിലെ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പേഴ്സണൽ ഡിപ്പാർട്ട്മെന്റ് പ്രാഥമിക പരിശോധന നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അപേക്ഷയുൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്കായി സെലക്ഷൻ കമ്മിറ്റിയ്ക്ക് നൽകുകയും സെലക്ഷൻ കമ്മിറ്റി വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും

പരിശോധിച്ച് യോഗ്യരായ അപേക്ഷകരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കി അഭിമുഖത്തിനായി ക്ഷണിക്കുകയും ചെയ്യും. ഇന്റർവ്യൂ ബോർഡാണ് ഇന്റർവ്യൂ നടത്തുന്നത്.

സെലക്ഷൻ കമ്മിറ്റി ഷോർട്ട് ലിസ്റ്റ് ചെയ്ത ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും സംബന്ധിച്ച ആധികാരികത ഉറപ്പുവരുത്തുന്നതിനായി സർട്ടിഫിക്കറ്റ് പരിശോധന നടത്തുന്നതിനായി പേഴ്സണൽ ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിക്കുകയും പേഴ്സണൽ ഡിപ്പാർട്ട്മെന്റ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തുകയും ആയതിനു ശേഷം ഉദ്യോഗാർത്ഥികളെ അഭിമുഖത്തിനായി ഇന്റർവ്യൂ ബോർഡിലേക്ക് അയക്കുകയുമാണ് ചെയ്യുന്നത്. 29.07.2015 ലെ പത്രപ്പരസ്യപ്രകാരം സമർപ്പിച്ച അപേക്ഷകളിൽ യോഗ്യരായ രണ്ട് ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും സംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയും ഉദ്യോഗാർത്ഥികളുടെ പ്രവൃത്തിപരിചയം സംബന്ധിച്ച അവകാശ വാദത്തിൽ സംശയം ഉള്ളതിനാൽ അതിൽ ആധികാരികത ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഷോർട്ട് ലിസ്റ്റ് ചെയ്യാൻ പാടുള്ളൂവെന്ന നിർദ്ദേശം നൽകുകയും ആയത് പ്രകാരം ഉദ്യോഗാർത്ഥികളുടെ അപേക്ഷ തള്ളുകയും ചെയ്തിരുന്നു. എന്നാൽ 14.01.2016ലെ നോട്ടിഫിക്കേഷൻ പ്രകാരം ലഭിച്ച അപേക്ഷകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അപേക്ഷയിൻ മേൽ ഇത്തരത്തിലുള്ള സൂക്ഷ്മ പരിശോധന പേഴ്സണൽ ഡിപ്പാർട്ട്മെന്റിൽ നിന്ന് ഉണ്ടായതായി രേഖകൾ പരിശോധിച്ചതിൽ നിന്നും കാണുന്നില്ല.

അഭിമുഖത്തിനായി തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളോട് 24.02.2016 10.AM ന് വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും, വയസ്സും, തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ നടത്തുന്നതിനായി സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ആസ്ഥാനത്ത് ഹാജരാകണമെന്നും 10.30 AM ന് മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്തുമെന്നും അറിയിച്ചിരുന്നെങ്കിലും അഭിമുഖത്തിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷ പ്രകാരമുള്ള സർട്ടിഫിക്കറ്റുകളുടെ അസൽ ഹാജരാക്കിയതായോ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതായോ ഫയലുകൾ പരിശോധിച്ചതിൽ കാണുന്നില്ല. മാത്രമല്ല നിയമന ശിപാർശ ലഭിച്ച ശ്രീ. കോശി ജോർജ്ജ് വിജിലൻസ് വകുപ്പിലെ അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകിയ മൊഴിയിൽ താൻ 1998-1999, 1999-2000 ലെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളുവെന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്ന് തനിക്ക് പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുമുണ്ട്. ഇതിൽ നിന്നും പങ്കെടുത്ത എല്ലാ ഉദ്യോഗാർത്ഥികളുടെയും സർട്ടിഫിക്കറ്റുകളുടെ അസൽ ഇന്റർവ്യൂ സമയത്ത് ഹാജരാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ലായെന്ന് പരിശോധനാ വിഭാഗം വിലയിരുത്തുന്നു.

മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള ഇന്റർവ്യൂവുമായി ബന്ധപ്പെട്ട രേഖകളും ഫയലും പരിശോധിച്ചതിൽ ഇന്റർവ്യൂവിന് മുമ്പായി ഉദ്യോഗാർത്ഥികളുടെ പ്രവൃത്തിപരിചയം(9 Years experience in Managing Similar Farm/ Estate) ഉൾപ്പടെയുള്ള യോഗ്യതകൾ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുടെയും രേഖകളുടെയും പരിശോധന നടത്തിയതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തുകയോ പ്രവൃത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഫയലിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇന്റർവ്യൂവിന് ഹാജരായ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ ഏത് ഉദ്യോഗസ്ഥനാണ് പരിശോധന

നടത്തിയതെന്നും നിയമന ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.ആയതുകൊണ്ട് തന്നെ സർട്ടിഫിക്കറ്റുകളുടെ പരിശോധന നടത്തിയിട്ടുണ്ടോ എന്നുള്ളത് സംബന്ധിച്ച് യാതൊരു തെളിവുമില്ല. മാത്രവുമല്ല ഇന്റർവ്യൂവിനു ഹാജരാകുന്ന സമയത്ത് ഹോർട്ടികോർപ്പിലെതൊഴികെ മറ്റു സ്ഥാപനങ്ങളിൽനിന്നുമുള്ള പ്രവർത്തിപരിചയ സർട്ടിഫിക്കറ്റുകളൊന്നും തന്നെ ഹാജരാക്കിയിരുന്നില്ലയെന്നു ശ്രീ.കോശി ജോർജ് തന്നെ വിജിലൻസ് വിഭാഗത്തിന് മൊഴി നൽകിയിട്ടുമുണ്ട്.

സർട്ടിഫിക്കറ്റുകളുടെ പരിശോധന നടത്തിയിരുന്നെങ്കിൽ സെലക്ഷൻ കമ്മിറ്റിയുടെ ഷോർട്ട് ലിസ്റ്റ്, കാൾ ലെറ്റർ എന്നിവയിലെ നിർദ്ദേശ പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ യോഗ്യരായ ഉദ്യോഗാർത്ഥികൾ അഭിമുഖത്തിനു മുമ്പ് ഹാജരാക്കിയെന്ന് ഉറപ്പുവരുത്താമായിരുന്നു. എന്നാൽ നിയമന ശിപാർശ ലഭിച്ച ശ്രീ.കോശി ജോർജിന്റെ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ ടിയാനെ ഇന്റർവ്യൂവിൽ പങ്കെടുപ്പിച്ചത് സർട്ടിഫിക്കറ്റ് പരിശോധന ശരിയായ രീതിയിൽ നടത്തിയിട്ടില്ലായെന്നുള്ളത് വ്യക്തമാക്കുന്നു.

(i) <u>പേഴ്സണൽ ഡിപ്പാർട്ട്മെന്റിന് സംഭവിച്ച വീഴ്ച</u>

മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്തി ഉദ്യോഗാർത്ഥികളുടെ കരട് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയ സന്ദർഭത്തിലും, കരട് റാങ്ക് ലിസ്റ്റിന് അംഗീകാരം നൽകുന്നതിനും നിയമന ശിപാർശ നൽകുന്നതിനും തീരുമാനമെടുക്കാൻ ബോർഡിൽ സമർപ്പിച്ച സന്ദർഭത്തിലും നിയമന ശിപാർശ അംഗീകാരത്തിനായി സർക്കാറിലേക്ക് സമർപ്പിച്ച സന്ദർഭത്തിലും ഉദ്യോഗാർത്ഥിയുടെ യോഗ്യതയുടെയും ഇതു സംബന്ധിച്ച പരിശോധനയുടെയും ആധികാരികത ഉറപ്പുവരുത്തുന്നതിന് പേഴ്സണൽ ഡിപ്പാർട്ട്മെന്റിന്റെ ചുമതലയുള്ള പേഴ്സണൽ മാനേജരും, മാനേജിംഗ് ഡയറക്ടറും ഉത്തരവാദികളാണ്. ഇക്കാര്യത്തിൽ പേഴ്സണൽ ഡിപ്പാർട്ട്മെന്റിന്റെയും മാനേജിംഗ് ഡയറക്ടറുടെയും ഭാഗത്ത് നിന്ന് തികഞ്ഞ മേൽനോട്ട വീഴ്ച സംഭവിച്ചിട്ടുണ്ട്.

(ii) <u>മാനേജിംഗ് ഡയറക്ടറുടെ വീഴ്ചകൾ</u>

മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട ചട്ടങ്ങളെക്കുറിച്ചും യോഗ്യതകളെക്കുറിച്ചും പ്രവൃത്തി പരിചയം സംബന്ധിച്ചും വ്യക്തമായ ധാരണയുള്ള മാനേജിംഗ് ഡയറക്ടർ ടി തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പിലെ സുപ്രധാന നടപടിക്രമമായ അഭിമുഖം നടത്തേണ്ട ഇന്റർവ്യൂ ബോർഡിന്റെ ചുമതലയിൽ നിന്ന് മാറി നിന്നത് മതിയായ യോഗ്യതകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികൾ അഭിമുഖത്തിൽ പങ്കെടുക്കുന്നതിനും യോഗ്യതയില്ലാത്ത ഉദ്യോഗാർത്ഥിക്ക് പ്രസ്തുത തസ്തികയിലേക്ക് നിയമന ശിപാർശ നൽകുന്നതിനും വഴി തെളിച്ചതായി വിലയിരുത്തുന്നു. കോർപ്പറേഷനിലെ ഉയർന്ന തസ്തികയിലേക്കുള്ള നിയമനത്തിൽ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ തന്നെയാണ് തിരഞ്ഞെടുക്കുന്നതെന്നു

ഉറപ്പവരുത്തുന്നതിൽ സംഭവിച്ച വീഴ്ചയുടെ ഉത്തരവാദിത്വത്തിൽ നിന്നും മേൽനോട്ട ചുമതലയുള്ള മാനേജിംഗ് ഡയറക്ടർക്ക് മാറിനിൽക്കുവാൻ സാധിക്കില്ലായെന്ന് കാണുന്നു.

(iii) <u>ഇന്റർവ്യൂ ബോർഡിന്റെ ഭാഗത്തുള്ള ജാഗ്രതക്കുറവ്</u>

ഇന്റർവ്യൂ നടക്കുമ്പോൾ ഇന്റർവ്യൂ ബോർഡിൽ മാനേജിംഗ് ഡയറക്ടറുടെ അഭാവമുണ്ടായിരുന്ന സാഹചര്യത്തിൽ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലെ ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ യോഗ്യതയും പ്രവൃത്തിപരിചയവും മാനേജിംഗ് ഡയറക്ടർ മുഖേന ഉറപ്പവരുത്തുന്നതിൽ ഇന്റർവ്യൂ ബോർഡിന്റെ ഭാഗത്ത് ജാഗ്രത ഉണ്ടാകേണ്ടതായിരുന്നു.

IX. <u>ശിപാർശകൾ</u>

1 . പേഴ്സണൽ മാനേജർ ആയിരുന്ന ശ്രീ. ബാബുരാജ് 25.02.2016 ന് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ നിന്ന് റിലീവ് ചെയ്യുന്നത് വരെ ടിയാന്റെ പേഴ്സണൽ മാനേജർ എന്ന നിലയിലുള്ള കടമകളും ചുമതലകളും നിറവേറ്റാൻ ടിയാൻ ബാധ്യസ്ഥനായിരുന്നു. ആ നിലയ്ക്ക് 24.02.2016ന് നടന്ന മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേക്കുള്ള ഇന്റർവ്യൂവിനു മുന്നോടിയായുള്ള സർട്ടിഫിക്കറ്റ് പരിശോധനയുടെ ഉത്തരവാദിത്തം ടിയാനു തന്നെയാണ്. തന്റെ പ്രസ്തുത ചുമതല മറ്റൊരു ഉദ്യോഗസ്ഥനെ ഏൽപ്പിച്ചതായ രേഖകൾ ഹാജരാക്കാൻ കോർപ്പറേഷന് സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ ബാധ്യതയിൽ നിന്നും ശ്രീ.ബാബുരാജിന് ഒഴിവാകാൻ സാധ്യമല്ല. ആയതിനാൽ സർട്ടിഫിക്കറ്റ് പരിശോധനയിൽ വന്നിട്ടുള്ള വീഴ്ചയുടെ ഉത്തരവാദിത്തം ശ്രീ.ബാബുരാജിനും ബാധകമാണ്. ടിയാൻ നിലവിൽ ടി സ്ഥാപനത്തിൽനിന്ന് റിലീവ് ചെയ്യതിനാൽ ടിയാനെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ഭരണ വകുപ്പ് ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്.

2 . നാല് വർഷത്തിലധികമായി ഒഴിഞ്ഞു കിടന്ന മാനേജർ (ഓപ്പറേഷൻസ്) എന്ന ഉയർന്ന തസ്തികയിലേക്ക് സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിനു വിരുദ്ധമായി സർക്കാറിന്റെ മുൻകൂർ അനുമതിയില്ലാതെ നിയമനം നടത്താൻ നടപടി സ്വീകരിച്ചതിന് മാനേജിംഗ് ഡയറക്ടർക്ക് എതിരെ ഭരണ വകുപ്പ് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

3. മാനേജർ (ഓപ്പറേഷൻസ്) എന്ന ഉയർന്ന തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പിലെ സുപ്രധാന നടപടിക്രമമായ അഭിമുഖം നടത്തേണ്ട ഇന്റർവ്യൂ ബോർഡിന്റെ ചുമതലയിൽ നിന്ന് മാനേജിംഗ് ഡയറക്ടർ മാറി നിന്നത് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. കരട് റാങ്ക് ലിസ്റ്റിന് അംഗീകാരം നൽകുന്നതിനും നിയമന ശിപാർശ നൽകുന്നതിനും തീരുമാനമെടുക്കുവാൻ ബോർഡിൽ പ്രസ്തുത കരട് റാങ്ക് ലിസ്റ്റ് സമർപ്പിച്ച സന്ദർഭത്തിലും നിയമന ശിപാർശ അംഗീകാരത്തിനായി സർക്കാറിലേക്ക് സമർപ്പിച്ച സന്ദർഭത്തിലും സർട്ടിഫിക്കറ്റ് പരിശോധന സംബന്ധിച്ച് ആധികാരികത ഉറപ്പവരുത്താത്തതിൽ മാനേജിംഗ് ഡയറക്ടറുടെ ഭാഗത്ത് മേൽനോട്ടക്കുറവും സംഭവിച്ചിട്ടുണ്ട്. ഈ വീഴ്ചയ്ക്കും മേൽനോട്ടക്കുറവിനും മാനേജിംഗ് ഡയറക്ടർക്ക് എതിരെ ഭരണ വകുപ്പ് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

4 . കൃഷി വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉയർന്ന തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുമ്പോൾ ഉദ്യോഗാർത്ഥികളുടെ യോഗ്യതയും പ്രവൃത്തിപരിചയവും ഉറപ്പുവരുത്തുന്നതിൽ സ്ഥാപനത്തിലെ പേഴ്‌സണൽ ഡിപ്പാർട്ട്മെന്റും ,മാനേജിംഗ് ഡയറക്ടറും ഇന്റർവ്യൂ ബോർഡ് അംഗങ്ങളും ജാഗ്രത പുലർത്തുന്നതിന് ആവശ്യമായ നടപടി ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

AJAYAKUMAR K S
അഡിഷണൽ സെക്രട്ടറി

<u>അനുബന്ധം</u>

1. ധനകാര്യ വകുപ്പിന്റെ 22.10.2001 ലെ ജി.ഒ.(പി)1208/2001/ ധന നമ്പർ ഉത്തരവ്
2. കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 18.5.2017 തീയതിയിലെ 112/PU2/2016/കൃഷി, നമ്പർ കത്ത്
3. ബഹു.ഹൈക്കോടതിയുടെ WA.No.558/2018 കേസിലെ 29.09.2020 തീയതിയിലെ ഉത്തരവ്

അനുബന്ധം I

GOVERNMENT OF KERALA

Abstract

ECONOMY OF GOVERNMENT EXPENDITURE – ABOLISHED OF POST KEPT VACANT GOVERNMENT ONE YEAR – ORDERS ISSUED

FINANCE (SS) DEPARTMENT

G.O (P) No. 1208/2001/Fin. Dated, Thiruvananthapuram 22nd October, 2001.

## ORDER

The Cabinet Sub Committee, on measures in White Paper on State Finances, has recommended among other things that, posts kept vacant over one year should be abolished.

Government has accepted the recommendation and order that all posts lying vacant over one year should be abolished forthwith. Council of Ministers alone can grant exceptions where found absolutely necessary.

By Order of the Governor,

V KRISHNAMURTHY

Chief Secretary

To

The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E), Kerala, Thiruvananthapuram
All Heads of Departments and Offices
All Department (all Sections) of the Secretariat.
The Director of Treasuries, Thiruvananthapuram.
The Secretary, Kerala Public Service Commission, Thiruvananthapuram. (With C.L.)
The Secretary, Kerala State Electricity Board, Thiruvananthapuram (With C.L)
The Managing Director, Kerala State Road Transport, Corporation, Thiruvananthapuram. (With C.L)
The Registrar, High Court of Kerala, Ernakulum (with C.L.)
The Registrar, University of Kerala/Calicut/M.G./Kannur/Cochin/Kerala Agriculture University/Sree Sankaracharya Sanskrit University (With C.L)

The Advocate General, Kerala, Ernakulam (with C.L)
All Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and

(351)

അനുബന്ധം II

കേരള സർക്കാർ

നമ്പർ. 112/പി.യു2/2016/കൃഷി

കൃഷി (പിയു) വകുപ്പ്
തിരുവനന്തപുരം,
തീയതി : 18/05/2017

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

മാനേജിംഗ് ഡയറക്ടർ,
സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്,
വെട്ടിത്തിട്ട (പി.ഒ), പുനലൂർ.

സർ,

വിഷയം : കൃഷി വകുപ്പ് - സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് - മാനേജർ (ഓപ്പറേഷൻസ്) നിയമനം - സംബന്ധിച്ച്.

സൂചന : 1) 01/04/2016 തീയതിയായുള്ള 59/പിയു2/16/കൃഷി നമ്പർ കത്ത്.
2) താങ്കളുടെ 02/03/2016 തീയതിയായുള്ള SFCK/PER/CWG/M(O)/4222 നമ്പർ കത്ത്.

....

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. കോർപ്പറേഷനിലെ മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് സൂചന (2) പ്രകാരം സമർപ്പിച്ച താങ്കളുടെ ശിപാർശയിന്മേൽ സൂചന (1) പ്രകാരം നൽകിയ ഉത്തരവ് പിൻവലിച്ച വിവരം അറിയിക്കുന്നു. 6 വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന മാനേജർ (ഓപ്പറേഷൻസ്) തസ്തികയിലേയ്ക്ക് താല്ക്കാലിക ചുമതല നൽകി ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്ന സാഹചര്യത്തിൽ ടി തസ്തിക abolish ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാനും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

ഉഷാകുമാരി. വി.എസ്,
അഡീഷണൽ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

അനുബന്ധം III

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT

THE HONOURABLE MR. JUSTICE K.VINOD CHANDRAN

&

THE HONOURABLE MR. JUSTICE T.R.RAVI

TUESDAY, THE 29TH DAY OF SEPTEMBER 2020 / 7TH ASWINA, 1942

WA.No.558 OF 2018

AGAINST THE JUDGMENT IN WPC 20018/2016 OF HIGH COURT OF KERALA

APPELLANT:

KOSHY GEORGE
PAKOTTU MADOM, ... ON PO,
KOLLAM DISTRICT

BY ADVS.
DR.K.P. SATHEESAN (SR)
SRI.P.MOHANDAS (ERNAKULAM)
SRI.K.SUDHINKUMAR
SRI.S.VIBHEESHANAN

RESPONDENTS:

HIGH COURT OF KERALA
CERTIFIED COPY

1 STATE OF KERALA
REPRESENTED BY THE PRINCIPAL SECRETARY,
AGRICULTURE DEPARTMENT,GOVERNMENT SECRETARIAT,
THIRUVANANTHAPURAM. 695001

2 THE MANAGING DIRECTOR
STATE FARMING CORPORATION OF KERALA LTD,
VETTITHITTA PO, PUNALUR, KOLLAM. 689696

R1 BY SRI RANJITH THAMPAN, ADDITIONAL A.G
R2 BY SRI DENIZEN KOMATH (SC)

THIS WRIT APPEAL HAVING BEEN FINALLY HEARD ON 29-09-2020, THE COURT ON THE SAME DAY DELIVERED THE FOLLOWING:

**JUDGMENT**

**T.R.RAVI, J.**

The appellant was included in the select list for appointment to the post of Manager (Operations) under the 2nd respondent. The select list was approved by the Board of Directors of the 2nd respondent and forwarded to the Government for sanction. Since the elections were due, the Government accorded sanction subject to the condition that posting orders need be issued only after the Code of Conduct is over. When posting orders were not issued even after the Code of Conduct period was over, the appellant approached this Court praying for the issuance of a writ of mandamus to the 2nd respondent, directing them to issue an appointment order to the appellant. The writ petition was dismissed by a learned Single Judge and the judgment is challenged in this appeal.

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

2. Heard Sri K.Sudhinkumar on behalf of the appellant,

Sri R.Renjith Thampan, Additional Advocate General on behalf of the 1st respondent and Sri Denizen Komath, Standing Counsel for the 2nd respondent.

3. The 2nd respondent had issued a notification on 14.1.2016, inviting applications for the appointment to the post of Manager (Operations). Pursuant to an application submitted by the appellant, he was interviewed on 24.2.2016. He was ranked 1st in the rank list prepared as Ext.P1 and the Board of Directors resolved to make appointment from the rank list and sent Ext.P2 letter dated 2.3.2016, seeking the approval from the Government for the appointment. The rank list and the resolution of the Board of Directors were forwarded along with Ext.P2. Permission was granted by the Government as per Ext.P3 letter dated 1.4.2016, on condition that the posting order should be issued only after the election process was over. On 8.4.2016, the Board of Directors resolved to accord sanction for appointment after the election process was over, as indicated in Ext.P3. When no appointment was made, the appellant submitted Ext.P5

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

representation before the Managing Director and thereafter approached this Court for a direction to the 2nd respondent to pass orders on Ext.P5. On 23.6.2016, an interim order was issued by this Court, directing the 2nd respondent to provisionally issue an appointment letter to the appellant, subject to the result of the Writ petition. Writ Appeal No.1663 of 2016 filed by the 1st respondent against interim order was dismissed as per judgment dated 10.4.2017.

4. The 2nd respondent filed counter affidavit detailing the facts which led to the initiation of the selection process. Subsequently, an additional counter affidavit was filed by the 2nd respondent, wherein it is stated that the appellant did not have the necessary 9 years experience, which is mandatory for appointment. It is stated that the post of Manager (Operations) was lying vacant for more than 16 years and the process of appointment was opted at the fag end of the term of the previous Government in a hurried manner with ulterior motives. Ext. R2(c) letter dated 18.4.2017 was produced, which shows that the

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

Government had directed to take steps to abolish the post of Manager (Operations) and for withdrawing the sanction already given for appointment of the appellant. It was also stated that the 1st respondent had accorded sanction to conduct an investigation against the previous office bearers and persons involved in the process of selection to the post of Manager (Operations).

5. A statement and a counter affidavit has been filed on behalf of the 1st respondent. It is stated *inter alia* that prior sanction of the Government is necessary for making appointment to the post in managerial cadre, that the post of Manager (Operations) has not been filled up for more than 16 years and has been lying vacant for more than 6 years even without anybody being put in charge, that a complaint has been filed by the local MLA before the Minister of Agriculture alleging large-scale corruption in the selection of the appellant and a report was called for by the Government. It is further contended that the appellant did not have an indefeasible right for appointment,

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

merely for the fact that he was included in the rank list. It is also stated that the post is not necessary for the efficient functioning of the Corporation. Ext.R1(a) Government order dated 22.10.2001 is relied on to say that the Government had ordered that the posts lying vacant for more than one year should be abolished forthwith. The appellant has filed a reply affidavit stating that the post of Manager (Operations) is required for the functioning of the Corporation and it will not be beneficial for the Corporation to keep the post vacant. It is stated that he has got 9 years experience under the previous employers and supporting certificates have also been produced.

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

6. The learned Single Judge considered the entire facts as borne out by the records and found that even though the appellant had been included in the rank list, he did not have the qualification prescribed in the notification. The learned Judge found that by operation of the Government Order Ext.R1(a) dated 22.10.2001, the post of Manager (Operations) which was lying vacant for six years stood abolished and when approval was

sought for as per Ext.P2 letter, the fact that the post was lying vacant all these years was not even mentioned. The learned Judge found that Ext.P3 letter by which the approval was granted cannot take the place of a Cabinet decision and confer authority on the 2nd respondent to make appointment to the post, which had earlier been abolished. The learned Judge also found that the appellant did not have any enforceable right for appointment, particularly in the light of the fact situation.

7. The counsel for the appellant reiterates the contentions that were taken before the learned Single Judge and contends that the learned Judge ought not to have interfered with the finding of the interview committee, which found that the appellant was eligible for appointment. It is contended that the appellant had produced all the certificates to show his experience and qualification before he joined duty and the said certificates were verified before the appointment orders were issued to him. It is contended that the local MLA who had made the complaint was on enimical terms with the previous Board of the

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

Corporation. Personal allegations are also made against the MLA, however, without making him a party to the writ petition. According to the Counsel, the learned Single Judge exceeded his jurisdiction since the correctness of the selection process was not under challenge.

8. The Additional Advocate General appearing for the State points out, that the petitioner did not have the necessary qualifications, that a post which had already been abolished is sought to be filled up without getting prior approval from the Government and without placing the fact that the post was lying vacant for several years before the Government while seeking approval for the appointment, that there was no obligation on the respondents to make an appointment in the circumstances and that the employer cannot be compelled to make an appointment to a post which is not necessary according to the employer. It is submitted that even if the applicant was fully qualified, he does not have any indefeasible right to appointment and it is for the appointing authority to decide whether a post which is lying

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

vacant should be filled up or not.

9. We have considered the arguments on either side. The writ petition has been filed praying for a writ of mandamus or order or direction to the 2nd respondent to issue appointment order to the petitioner as Manager (Operations). It is well settled that a mandamus for appointment as such will very rarely be issued by invoking the extraordinary jurisdiction under Article 226 of the Constitution of India. The next prayer is for a direction to the 2nd respondent to consider and pass appropriate orders on Ext.P5 representation filed by the petitioner. Even though there is no statutory duty on the part of the 2nd respondent to consider Ext.P5 representation, it may still be possible for this Court to issue such a direction in exercise of the extraordinary jurisdiction under Article 226, having regard to the fact that a selection process was over. The third prayer is for a declaration that the petitioner is entitled to be appointed to the post of Manager Operations on the basis of his ranking in the select list; which is akin to a mandmus for appointment.

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

10. Annexure I produced along with a verified petition by the Government Pleader is the notification issued calling for applications for the post of Manager (Operations). Annexure 1 clearly says that the applicant should have experience in managing similar farms/estates and it is further stated that similar farms/estate means large scale plantations of rubber tea, coffee, cardamom and oil palm and that the experience shall not be below the capacity of Assistant Manager. The appellant has produced Exts.P13 to P15 certificates in support of the claim that he has the necessary experience. Ext.P13 would show that the appellant joined the Kerala State Horticultural Products Development Corporation Ltd. as Assistant Manager on 14.9.1998 and continued in the post till 11.12.2000. It is further stated that he has been working as a Regional Manager in various Regional Offices from June,1999 onwards. The above Certificate is not sufficient to show that the appellant has experience of managing a large scale plantation as Assistant Manager or above during that period when he was with the

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

Corporation. On the other hand, the Certificate indicates that the appellant was working in the Regional Offices and not in a plantation. Ext.P14 will show that the appellant has worked as Assistant Manager in M/s. Harrison Malayalam Ltd. from 6.8.2008 to 31.3.2009. Ext.P15 shows that it has been issued on 19.7.2017, and hence could not have been available before the Selection Committee. At the time the appellant was interviewed and is seen to have been issued only 2 days prior to the date on which the appellant entered service on the basis of the interim order issued by this Court. Ext.P15 shows that the appellant was working as an Executive Trainee in the Travancore Rubber & Tea Co. Ltd. between 9.1.2006 and 31.7.2008 and as an Executive between 1.6.2009 and 31.10.2014. There is no material available to show that either the designation of Executive Trainee or that of Executive are posts in the level of Assistant Manager or above. The document further shows that the appellant was working as Manager (Field Operations) between 1.11.2014 and 18.7.2017, a portion of which alone can be considered towards the experience

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

specified in Annexure 1. An attempt was made to rely on Ext.P12 Memorandum issued by the Travancore Rubber & Tea Co. Ltd. on 10.6.2009, to say that the post of Executive is equivalent to that of an Assistant Manager. Ext.P12 does not speak anything about the post of Executive being equal to that of an Assistant Manager. The document only narrates the duties which the appellant had to perform on being appointed as an Executive. Going by the above documents, the appellant has about 10 months experience as per Ext.P13, 7 1/2 months experience as per Ext.P14 and about 15 months experience as per Ext.P15, which can be reckoned as experience as required in Annexure I. As such there is no ground made out for interference with the finding of the learned Single Judge that the appellant did not have the necessary experience as stipulated in the notification.

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

11. The counter affidavit shows that the post of Manager (Operations) fell vacant on 21.6.2000 and that no person was appointed to that post for over 16 years. It is further stated that till the year 2010, another Manager was put in charge of the post

and that between 2010 and 2016, the post was lying vacant. The notification was issued on 14.1.2016. Last date for submission of application was 27.1.2016. Interview was conducted on 24.2.2016 and select list was drawn up on 29.2.2016 and by Ext.P1 dated 29.2.2016, the Managing Director was directed to seek aproval of the Government for the appointment. Ext.P2 letter seeking approval is sent on 2.3.2016 and the Code of Conduct for Election came into force on 4.2.2016. Despite the Code of Conduct being in force, by Ext.P3, the Secretary to Government approved the appointment of the appellant with a rider that appointment order should be issued only after the election process is over. On 8.4.2016, the 2nd respondent also passed Ext.P4 resolution in terms of Ext.P3. There was a prohibition for making appointments with effect from 4.2.2016, which continued till 21.5.2016. When such a prohibition was in force, the same cannot be bypassed by issuing a direction to make an appointment on a future date, after the prohibition ceases to exist. What cannot be done directly cannot be

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

permitted to be done indirectly. We can hardly approve the manner in which the entire process of selection and appointment to the post of Manager (Operations) was carried out. Admittedly the post fell vacant on 21.6.2000. Ext.R1(a) Government Order issued on 22.10.2001 specifically says that post which is lying vacant for more than one year should be abolished forthwith. The order clearly applies to the post of Manager (Operations) with which we are concerned. A post which stood abolished for the reason of it being vacant for more than one year (sixteen years to be specific), was sought to be filled up by the 2nd respondent and approval taken from the Government without bringing to its notice that the post was long vacant. A very curious explanation was sought to be given for justifying the decision to fill up the post of Manager (Operations) i.e. since the post of General Manager, who was looking into the activities in connection with the estate/factory was going to retire shortly, it was necessary to have a capable personnel with adequate experience to entrust the supervision of routine activities in all the four estates, factory

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

and the re-planting activities. We are not able to countenance the above explanation that since the post of General Manager is becoming vacant, a post in the cadre of Manager which is much below that of the General Manager, has to be filled up, that too with a person who does not have enough experience. A person who did not have the necessary experience as per the notification was sought to be selected, orders of approval for appointment were issued by the Government and the same endorsed in a resolution of the 2nd respondent, also when the Code of Conduct was in force.

THE HIGH COURT OF KERALA
सत्यमेव जयते

12. When, by operation of the Government Order Ext.R1(a) dated 22.10.2001, the post of Manager(Operations) which was lying vacant for sixteen years stood abolished, there was no manner in which the same could have been treated as a vacancy and sought to be filled up by the 2nd respondent, who is bound by the Government orders in this regard. If at a later point of time the 2nd respondent noticed the error and sought to correct the same by deciding not to fill up the post despite the

HIGH COURT OF KERALA
CERTIFIED COPY

selection process undertaken, it is not the function of this Court to exercise its extraordinary jurisdiction under Article 226 and direct the respondent to fill up the post. The respondents are well within their rights to decide not to fill up a post or to abolish a post, even after the selection process is over. There is no vested right available to a person who is ranked in the select list to get appointed. All that is required is that the State must give some justifiable, non-arbitrary reason for not filling up the post. The courts would normally not question the justification but the justification must be reasonable and should not be an arbitrary, capricious or whimsical exercise of discretion vested in the State. (See ***Dinesh Kumar Kashyap v. South East Central Railway*** *reported in* **[(2019) 12 SCC 798]**. In ***Balakrushna Behera v. Satya Prakash Dash*** *reported in* **[(2008) 1 SCC 318]**, the Hon'ble Supreme Court in paragraph 10 held as follows:

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

> "The first and foremost question is whether the Court can direct the State Government by a writ of mandamus to appoint a person against a post which has been abolished by the State Government. Our answer to this question is in the negative. The respondent even after selection

has no indefeasible right to be appointed on the post because a selection does not confer a right of getting appointment which can be enforced by filing a writ petition under Article 226 of the Constitution. In this view we are supported by a Constitution Bench decision of this Court in ***Shankarsan Dash v. Union of India*** **[(1991) 3 SCC 47**."

13. We do not think it is necessary to cite any more decisions on the legal question involved. The learned Single Judge has dealt with the issues of law in extenso and in the light of the law laid down by the Hon'ble Supreme Court, we do not find any reason to interfere with the judgment of the learned Single Judge. The appeal fails and is dismissed. The parties will bear their respective costs.

THE HIGH COURT OF KERALA
सत्यमेव जयते
HIGH COURT OF KERALA
CERTIFIED COPY

Sd/-
**K. VINOD CHANDRAN**
**JUDGE**

Sd/-
**T.R. RAVI**
**JUDGE**

dsn

Signature valid
Digitally signed by ITA V A
Date: 2021.01.2_ _1:00:21 +05:30

H2 (1097)

HIGH COURT OF KERALA
AT ERNAKULAM

| | |
|---|---|
| Number and Year of the Case | : WA 558/2018 |
| Name Of Applicant | : ADVOCATE GENERAL KERALA |
| Number and Date of Application | : E 391/2021 , 25-01-2021 |
| Date when the copy was delivered | : 25-01-2021 |

Examiner

ONLINE COPY APPLICATION

Mail Sent Dt. 2/2/21

Signature valid
Digitally signed by [illegible]TA V A
Date: 2021.01.2[illegible] [illegible]1:00:33 +05:30

Government of Kerala

No.458/FIW-K2/2021/FIN

**Finance Inspection (NT-K) Department**
**Thiruvananthapuram**
**Date : 12-05-2022**

## പത്തനംതിട്ട ജില്ലാ കളക്ടറുടെ പേരിലുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് സംബന്ധിച്ച പരിശോധനയുടെ റിപ്പോർട്ട്

പത്തനംതിട്ട ജില്ലാ കളക്ടറുടെ പേരിലുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - സ്പെഷ്യൽ ടി.എസ്.ബി. ( STSB (A /c. No:799011400005303 ) അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും പ്രസ്തുത തുകകൾ ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയുള്ളതാണെന്നതും സംബന്ധിച്ചും പരിശോധന നടത്തുന്നതിന് ഫയൽ നം. 458/FIW-K2/2021/FIN പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ്, പത്തനംതിട്ട ജില്ലാ കളക്ടറേറ്റ്, ജില്ലയിലെ വിവിധ താലൂക്കുകൾ എന്നിവടങ്ങളിലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പേരിലുള്ള അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനയുടെ റിപ്പോർട്ട് ചുവടെ ചേർത്തിട്ടുണ്ട്.

### **1)** പത്തനംതിട്ട ജില്ലാ കളക്ടറേറ്റ്

പത്തനംതിട്ട ജില്ലാ കളക്ടറേറ്റിലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകകളുടെ വിശകലന പത്രിക ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| അക്കൗണ്ട് നം.: 799011400005303 (STSB) ബാങ്ക്/ട്രഷറി: സബ്ട്രഷറി, പത്തനംതിട്ട | | | |
| അക്കൗണ്ടിന്റെ ഉദ്ദേശ്യം : സി.എം.ഡി.ആർ.എഫ്. | | | |
| പരിശോധനാ തീയതിയിലെ (14.03.2022) നീക്കിയിരിപ്പ് : 2,71,46,500/- | | | |
| ക്രമ നം. | ഉദ്ദേശ്യം/ഇനം | തുക | റിമാർക്സ് |

| | | | |
|---|---|---|---|
| 1 | റീ ബിൽഡ് കേരള | 2,06,16,200/- | റീ ബിൽഡ് കേരള പദ്ധതിയ്ക്കായി ജില്ലയിലെ താലൂക്കുകൾക്ക് അനുവദിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിച്ചത് തിരച്ചടച്ചടച്ചത് ഉൾപ്പടെയുള്ള തുക F4-8968/2018 നമ്പർ ഫയൽ പ്രകാരം ഫണ്ട് തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് ധനകാര്യ(ഫണ്ട്സ്)വിഭാഗത്തിലേക്ക് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് |
| 2 | ഉജ്ജീവൻ പദ്ധതി | 52,97,700/- | റവന്യൂ(ഡി.ആർ.എഫ്.-എ) വകുപ്പിൽ നിന്നുള്ള GO(Rt.)No. 3434/2019/Rev. dated 21/11/2019 to GO(Rt.)No. 705/2022/Rev. dated 16/02/2022 നമ്പർ സർക്കാർ ഉത്തരവുകൾ |
| 3 | വീട് നിർമ്മാണം,<br>ഭൂമി വാങ്ങുന്നതിന് | 9,04,900/- | GO(Rt.) No.3573/2020/RD dated 05/11/2020,<br>GO(Rt.) No.1060/2021/Rev.dated 24/02/2021 |
| 2 | റീ ബിൽഡ് കേരള | 72,700/- | GO(Rt.) No. 154/2022/Rev.dated 10/01/2022 |
| 5 | കോവിഡ് പെൻഷൻ | 55,000/- | GO(Rt.) No. 370/2022/RD.dated 21/01/2022 |
| 6 | അപകട മരണത്തിനുള്ള ധനസഹായം | 2,00,000/- | GO(Rt.) No. 698/2022/RDdated 15/02/2022 |

2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് റീ ബിൽഡ് കേരള പദ്ധതിയ്ക്കായി അനുവദിച്ച തുകയിൽ താലൂക്കുകളിൽ വിനിയോഗിക്കാതെ അവശേഷിച്ച തുക ബന്ധപ്പെട്ട തഹസീൽദാർമാർ ജില്ലാ കളക്ടറുടെ പേരിലുള്ള CMDRF അക്കൗണ്ടിലേക്ക് തിരികെ അടച്ചിട്ടുണ്ടെന്നും ടി തുക കൂടി ചേർത്ത് നിലവിൽ 2,06,16,200/-രൂപ പ്രസ്തുതയിനത്തിൽ നീക്കിയിരിപ്പുണ്ടെന്നും ടി തുക വിനിയോഗിക്കുന്നതിന് വേണ്ടിയുള്ള സർക്കാർ ഉത്തരവുകളോ മാർഗനിർദ്ദേശങ്ങളോ ലഭിച്ചിട്ടില്ലെന്ന് പത്തനംതിട്ട ജില്ലാ കളക്ടറുടെ 16.12.2021 ലെ DCPTA/8968/2018/F4 നമ്പർ കത്ത് പ്രകാരം ധനകാര്യ(ഫണ്ട്സ്) വിഭാഗത്തിലേക്ക് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ റീബിൽഡ് കേരള പദ്ധതിയ്ക്കായി നിലവിൽ പത്തനംതിട്ട ജില്ലയിൽ അത്യാവശ്യമുള്ള തുക എത്രയാണെന്നത് സംബന്ധിച്ച് വിശദാംശങ്ങൾ (സാധൂകരിക്കുന്ന രേഖകളുടെ പിൻബലത്തിൽ) ക്രോഡീകരിക്കുന്നതിനും പ്രസ്തുത തുക കഴിച്ച് ബാക്കിയുള്ള തുക ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിൽ തിരികെ ഒടുക്കുന്നതിനും സർക്കാർ തലത്തിൽ തീരുമാനിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

**2) ക്ലോസ് ചെയ്യാൻ നിർദേശിച്ചിട്ടുള്ള സി.എം.ഡി.ആർ.എഫ്. അക്കൗണ്ടുകളെ സംബന്ധിച്ച്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ അനുവദിക്കുന്ന ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലാകളക്ടറുടെ പേരിൽ മുകളിൽ പരാമർശിച്ചിട്ടുള്ള ടി.എസ്.ബി.അക്കൗണ്ട് കൂടാതെ രണ്ട് അക്കൗണ്ടുകൾ കൂടി പരിപാലിച്ച് വരുന്നുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടുകളിലൂടെ തുക വിതരണം ചെയ്യുന്നതായി കാണപ്പെട്ടില്ല. പ്രസ്തുത അക്കൗണ്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

പട്ടിക-1

| ക്രമ നം. | അക്കൗണ്ട് നം. & ഗണം | അക്കൗണ്ട് ഉടമയും ആരംഭിച്ച തീയതിയും | ബാങ്ക്/ട്രഷറി | നീക്കിയിരുപ്പ് തുക |
|---|---|---|---|---|
| 1 | 705010100001305 TSB | ജില്ലാകളക്ടർ പത്തനംതിട്ട 01.01.2012 | ജില്ലാ ട്രഷറി പത്തനംതിട്ട | 17,508/- |
| 2 | 67071045533 Savings Bank | ജില്ലാകളക്ടർ പത്തനംതിട്ട | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 38,557/- |

ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 06.08.2019 ലെ 53/ഫണ്ട്സ്1/2019-ധന നമ്പർ കത്ത് പ്രകാരം ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പേരിൽ നേരത്തെ നിലവിലുള്ള റ്റി.പി. അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ടി അക്കൗണ്ടുകളിലുള്ള തുക പുതിയതായി ആരംഭിച്ച (സ.ഉ.(സാധാ.) നം.2341/2019/ധന തീയതി 23.03.2019 ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുള്ളത്) സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ Rebuild Kerala യ്ക്കായി അനുവദിച്ച തുക STSB 79901400005303 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും TSB 1305 അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനായി ജില്ലാ കളക്ടേറ്റിൽ നിന്നും 15/09/2021-ൽ ജില്ലാ ട്രഷറി ഓഫീസർക്ക് കത്ത് നൽകിയിരുന്നതുമാണെന്നും ടി കാലയളവിൽ ട്രഷറിയിൽ നിന്നും ലഭിച്ച Account Statement പ്രകാരം 4,37,577/- രൂപ ബാലൻസുള്ളതായി അറിയിച്ചിരുന്നതുമാണ്. ( ടി തുക തെറ്റായി പലിശ ഇനത്തിൽ ക്രെഡിറ്റ് ചെയ്തിരുന്നതാണ് എന്നറിയുന്നു) എന്നാൽ 25/09/2021-ൽ ട്രഷറിയിൽ നിന്നും ലഭിച്ച എസ്.ബി 1/1361/2021 നമ്പർ കത്ത് പ്രകാരം 17,508/- രൂപ നിലവിൽ ബാലൻസുള്ളതായും

ടി തുക പിൻവലിക്കുകയോ ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യുന്ന മുറക്ക് മാത്രമേ ടി അക്കൗണ്ട് ക്ലോസ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും തുടർന്ന് 23/11/2021-ലെ ട്രഷറിയിൽ നിന്നുള്ള എസ്.ബി/2858/2021 നമ്പർ കത്ത് പ്രകാരം ഈ അക്കൗണ്ടിലെ നിലവിലെ ബാലൻസ് തുകയായ 17,508/- രൂപ വാർഷിക പലിശ ഇനത്തിൽ തെറ്റായി ക്രഡിറ്റ് ചെയ്തതാണെന്നും ടി തുക തിരികെ പിടിക്കുന്നതിലേക്കായി ട്രഷറി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുക തിരികെ പിടിച്ചാൽ ഉടൻ തന്നെ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതാണെന്നും ജില്ലാ ട്രഷറിയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടേറ്റിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക സംബന്ധിച്ച് പത്തനംതിട്ട ജില്ലാ ട്രഷറിയിൽ നിന്നും ലഭ്യമാക്കിയ മറുപടി പ്രകാരം ടി അക്കൗണ്ട് പലിശരഹിത അക്കൗണ്ടാണെന്നും ആയതിനാൽ വാർഷിക പലിശ അനുവദിനീയമല്ലാത്തതിനാൽ പ്രസ്തുത ഇനത്തിൽ 01.04.2017 ൽ വരവ് വെച്ച 5,91,938/- രൂപ രണ്ട് തവണകളിലായി ( 22/06/2019 ൽ– 1,54,361/- രൂപ , 23/09/2021 ൽ- 4,37,577/- രൂപ) Excess Paid Interest ആയി തിരികെ പിടിച്ചിട്ടുണ്ടെന്നും 01/04/2021 ൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള പലിശ 17,508/- രൂപ തിരികെ പിടിച്ച് അക്കൗണ്ട് ക്ലോസ്ചെയ്യുന്നതിനായി ട്രഷറി ഡയറക്ടർക്ക് 23/11/2021 -ൽ കത്ത് (നം. എസ്.ബി. 2858/2021) സമർപ്പിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ട് സർക്കാർ നിർദേശാനുസരണം അടിയന്തിരമായി ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ശുപാർശ ചെയ്യുന്നു.

ആയത് കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയ്ക്കായി ആരംഭിച്ചിട്ടുണ്ടായിരുന്ന ബാങ്ക് അക്കൗണ്ടിൽ (നം.67071045533) നിലവിൽ നീക്കിയിരിപ്പുള്ള 38,557/- രൂപ പിൻവലിച്ച് നിലവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പേരിൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ പേർക്കുള്ള ടി.എസ്.ബി. അക്കൗണ്ടിൽ ഒടുക്കുന്നതിനും ടി ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

**3) <u>ജില്ലയിലെ താലൂക്ക് ഓഫീസുകളിലെ CMDRF അക്കൗണ്ടുകൾ സംബന്ധിച്ച്</u>**

പത്തനംതിട്ട ജില്ലയിലെ ആറ് താലൂക്ക് ഓഫീസുകളിലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

<u>പട്ടിക-2</u>

| ഓഫീസിന്റെ പേര് | അക്കൗണ്ട് നം. | പരിശോധന തീയതി | പരിശോധന തീയതിയിലെ നീക്കിയിരിപ്പ് തുക | നിലവിലെ നീക്കിയിരിപ്പ് തുക ( തീയതി) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| താലൂക്ക് ഓഫീസ്, കോഴഞ്ചേരി | 799011400002535 | 18.12.2021 | 20,91,850/- | 21,61,750/- (14.03.2022) |
| താലൂക്ക് ഓഫീസ്, തിരുവല്ല | 799011400002536 | 30.11.2021 | 1,08,82,800/- | 1,09,48,350/- (14.03.2022) |
| താലൂക്ക് ഓഫീസ്, കോന്നി | 799011400002528 | 07.12.2021 | 0 | |
| താലൂക്ക് ഓഫീസ്, മല്ലപ്പള്ളി | 799011400002525 | 01.12.2021 | 3,37,550/- | 3,37,550/- (14.03.2022) |
| താലൂക്ക് ഓഫീസ്, അടൂർ | 799011400002532 | 02.12.2021 | 41,08,600/- | 3,87,900/- (19.03.2022) |
| താലൂക്ക് ഓഫീസ്, റാന്നി | 799011400002522 | 01.12.2021 | 7,16,000/- | 7,59,800/- (09.03.2022) |

ജില്ലയിലെ വിവിധ താലൂക്കുകളിലെ CMDRF അക്കൗണ്ടുകളിൽ നിലവിൽ ( പത്തനംതിട്ട ജില്ല കളക്ടേറ്റിൽ തിരികെ അടച്ചതിനു ശേഷം) മേൽ പട്ടികയിലെ കോളം നമ്പർ 5 പ്രകാരം നീക്കിയിരിപ്പുള്ള തുകകൾ പ്രധാനമായും 2018 പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇരട്ടിപ്പായും മറ്റും വിതരണം ചെയ്തിട്ടുള്ള തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കിയിട്ടുള്ളതും ഗുണഭോക്തൃ അക്കൗണ്ടുകളിലെ വിവിധ പിശകുകൾ മൂലം ഗുണഭോക്താക്കൾക്ക് ലഭ്യമാകാതെ ട്രഷറിയിൽ നിന്നും EPOC Clearance ഇനത്തിൽ തിരികെ ക്രെഡിറ്റ് ചെയ്തിട്ടുള്ളതുമാണ്. ഗുണഭോക്തൃ അക്കൗണ്ടുകളിലെ വിവിധ പിശകുകൾ മൂലം തിരികെ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകകൾ പ്രസ്തുത ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് അക്കൗണ്ട് പിഴവുകൾ തിരുത്തി തുക ഇരട്ടിപ്പ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തി അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും അക്കൗണ്ടിൽ തുടർന്ന് നീക്കിയിരുപ്പുള്ളതും എന്നാൽ ആവശ്യമില്ലാത്തതുമായ മറ്റ് തുകകൾ എത്രയാണെന്ന് തിട്ടപ്പെടുത്തി

ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനും ശുപാർശ ചെയ്യുന്നു.

**ശുപാർശകൾ**

1) 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് റീ ബിൽഡ് കേരള പദ്ധതിയ്ക്കായി അനുവദിച്ച തുകയിൽ നിലവിൽ നീക്കിയിരിപ്പുള്ള 2,06,16,200/- രൂപയിൽ റീബിൽഡ് കേരള പദ്ധതിയ്ക്കായി നിലവിൽ പത്തനംതിട്ട ജില്ലയിൽ അത്യാവശ്യമുള്ള തുക എത്രയാണെന്നത് സംബന്ധിച്ച് വിശദാംശങ്ങൾ (സാധൂകരിക്കുന്ന രേഖകളുടെ പിൻബലത്തിൽ) ക്രോഡീകരിക്കുന്നതിനും പ്രസ്തുത തുക കഴിച്ച് ബാക്കിയുള്ള തുക ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിൽ തിരികെ ഒടുക്കുന്നതിനും സർക്കാർ തലത്തിൽ തീരുമാനിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക-1)

2) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ആവശ്യങ്ങൾക്കായി ആരംഭിച്ചിട്ടുണ്ടായിരുന്നതും നിലവിൽയാതൊരു വിനിമയവും നടക്കാത്തതുമായ ട്രഷറി അക്കൗണ്ടിൽ (നം.705010100001305) 01/04/2021 ൽ തെറ്റായി പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള 17,508/- രൂപ തിരികെ പിടിച്ച് ടി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക-2)

3) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയ്ക്കായി ആരംഭിച്ചിട്ടുണ്ടായിരുന്ന ബാങ്ക് അക്കൗണ്ടിൽ (നം.67071045533) നിലവിൽ നീക്കിയിരിപ്പുള്ള 38,557/- (മുപ്പത്തി എണ്ണായിരത്തി അഞ്ഞൂറ്റി അൻപത്തേഴ്) രൂപ പിൻവലിച്ച് നിലവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പേരിൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ പേർക്കുള്ള ടി.എസ്.ബി. അക്കൗണ്ടിൽ ഒടുക്കുന്നതിനും ടി ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക-2)

4) ഗുണഭോക്തൃ അക്കൗണ്ടുകളിലെ വിവിധ പിശകുകൾ മൂലം തിരികെ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകകൾ പ്രസ്തുത ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് അക്കൗണ്ട് പിഴവുകൾ തിരുത്തി തുക ഇരട്ടിപ്പ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തി അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും അക്കൗണ്ടിൽ തുടർന്ന് നീക്കിയിരുപ്പുള്ളതും എന്നാൽ ആവശ്യമില്ലാത്തതുമായ മറ്റ് തുകകൾ എത്രയാണെന്ന് തിട്ടപ്പെടുത്തി ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിന് ശുപാർശ ചെയ്യുന്നു. (ഖണ്ഡിക-3)

ധനകാര്യ അഡീഷണൽ സെക്രട്ടറിയ്ക്കു വേണ്ടി

# GOVERNMENT OF KERALA

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായം ശ്രീമതി.രമാദേവിയുടെ അക്കൗണ്ടിൽ ലഭ്യമാകാത്തത് സംബന്ധിച്ച് നടത്തിയ പരിശോധനയുടെ റിപ്പോർട്ട്**

2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ ധനസഹായമായി ശ്രീമതി. രമാദേവിയ്ക്ക് 26,700/- രൂപ ചെക്ക് പ്രകാരം നൽകിയിരുന്നുവെന്നും എന്നാൽ തഹസീൽദാരുടെ അക്കൗണ്ടിൽ നിന്നും കിഴിവ് ചെയ്തിട്ടുള്ള തുക ശ്രീമതി രമാദേവിയുടെ അക്കൗണ്ടിൽ വന്നിട്ടില്ലാത്ത സാഹചര്യത്തിൽ സാമ്പത്തിക ക്രമക്കേട് സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ധനകാര്യ(ഫണ്ട്സ്) വകുപ്പിൽ നിന്നും 07.03.2022 ലെ 1999021/Funds-2/14/2022 ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് കോഴഞ്ചേരി താലൂക്ക് ഓഫീസിൽ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**1) ധനസഹായമായി ശ്രീമതി.രമാദേവിയ്ക്ക് അനുവദിക്കപ്പെട്ട തുകകൾ**

ദുരന്ത നിവാരണ വകുപ്പിന്റെ 26/10/18 ലെ സ.ഉ.( കൈ) നം.24/2018/DMD നമ്പർ ഉത്തരവ് പ്രകാരം 2018 ലെ പ്രളയക്കെടുതികളിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് ഭവന പുനരുദ്ധാരണ (റീ ബിൽഡ് കേരള) ധനസഹായത്തിന് ശ്രീമതി.രമാദേവി, വെച്ചൂർ മനയ്ക്കൽ, മേലുകര എന്ന ഗുണഭോക്താവിന് നേരിട്ട നാശനഷ്ടം പരിഹരിക്കുന്നതിന് റീ ബിൽഡ് കേരള പദ്ധതി പ്രകാരം ദുരിതാശ്വാസ ധനസഹായമായി അനുവദിക്കപ്പെട്ടിട്ടുള്ള തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത ഉത്തരവ് പ്രകാരം 15% നാശനഷ്ടമെന്ന സ്ലാബിൽ ഉൾപ്പെടുത്തി ശ്രീമതി.രമാദേവിയ്ക്ക് എസ് .ഡി.ആർ.എഫ്.ൽ നിന്ന് 5,200/- രൂപയും സി.എം.ഡി.ആർ.എഫ്. ൽ നിന്നും 4,800/- രൂപയും ചേർത്ത് 10,000/- രൂപയാണ് അനുവദിച്ചിരുന്നതെന്നും ആയത് പുന:പരിശോധിക്കുന്നതിന് ടിയാൾ അപ്പീൽ അപേക്ഷ നൽകിയതനുസരിച്ച് പരിശോധിച്ചതിൽ ടിയാൾക്ക് 16%-29% നാശനഷ്ടത്തിൽ ഉൾപ്പെടുത്തി എസ്.ഡി.ആർ.എഫ്.ൽ നിന്നും 28,500/- രൂപയും സി.എം.ഡി.ആർ.എഫ് ൽ നിന്നും 31,500/- കൂടി ആകെ 60,000/- രൂപ അനുവദിച്ചുവെന്നും അറിയിച്ചിട്ടുണ്ട്. അതായത് ആദ്യം 15% നാശനഷ്ടമെന്ന സ്ലാബിൽ അനുവദിച്ച തുകകളായ 5,200/- (എസ്.ഡി.ആർ.എഫ്.), 4,800/- രൂപ (സി.എം.ഡി.ആർ.എഫ്.) എന്നിവ കഴിച്ചുള്ള തുകയായ 23300/-രൂപ, 26700/-രൂപ വീതമാണ് പ്രസ്തുത ഫണ്ടുകളിൽ നിന്നും അനുവദിക്കേണ്ടത്. അപ്രകാരം തന്നെയാണ് തുകകൾ അനുവദിച്ചിട്ടുള്ളതെന്ന് കോഴഞ്ചരി തഹസീൽദാർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**2) അക്കൗണ്ടിൽ ലഭ്യമാകാത്ത തുക സംബന്ധിച്ച്**

മേൽ ഖണ്ഡിക പ്രകാരം കോഴഞ്ചരി തഹസീൽദാർ ഓഫീസിൽ നിന്നും ശ്രീമതി.രമാദേവിയ്ക്ക് അനുവദിച്ചിട്ടുള്ള തുകകളിൽ പത്തനംതിട്ട സബ് ട്രഷറിയിലെ STSB അക്കൗണ്ട് നം.799011400002535-ൽ നിന്നും 21.08.2019-ലെ XY 2866097 ാം നമ്പർ ചെക്ക് പ്രകാരം ടിയാൾക്ക് അനുവദിച്ച 26,700/- രൂപ (ചെക്ക് പ്രകാരം ആകെ 36 ഗുണഭോക്താക്കൾക്കായുള്ള തുക 961200/- രൂപ) ടിയാളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. മറ്റെല്ലാ തുകകളും ടി ഗുണഭോക്താവിന്റെ അക്കൗണ്ടിൽ (നം.6150175816, IFSC-IDIB000K067) ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് ടിയാളുടെ ഭവനസന്ദർശനം നടത്തി ബാങ്ക് പാസ്ബുക്ക് പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ടി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ നൽകുന്നതിന് പകരം ആധാർ നമ്പർ ട്രഷറിയ്ക്ക് നൽകിയിരുന്നതിനാലാണ് ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക വരവ് വന്നിട്ടില്ലാത്തത്.

ഗുണഭോക്താവിന് ലഭ്യമാകാത്ത എല്ലാ തുകകളും ട്രഷറിയിലെ CMDRF അക്കൗണ്ടിലേയ്ക്ക് തിരികെ വന്നിട്ടുണ്ട് എന്ന് ട്രഷറിയിൽ നിന്നും അറിയിച്ചിരുന്നുവെങ്കിലും ബാങ്കിൽ നിന്നും ലഭ്യമാക്കിയ return UTR നമ്പറുകൾ പരിശോധിച്ചതിൽ ശ്രീമതി രമാദേവിയ്ക്ക് നൽകിയ തുക ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ലെന്നത് സംബന്ധിച്ച രേഖകൾ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പരിശോധനാ തീയതിയിൽ (05.05.2022) ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് ആവശ്യപ്പെട്ടതിൻ പ്രകാരം ലഭ്യമാക്കിയ അക്നോളഡ്ജ്മെന്റ് രസീതിലെ ക്രെഡിറ്റ് സ്റ്റാറ്റസിൽ യാതൊരു രേഖപ്പെടുത്തലുമില്ല. രണ്ട് അക്നോളഡ്ജ്മെന്റ് രസീതിലും അക്കൗണ്ട് നമ്പരായി രേഖപ്പെടുത്തിയിട്ടുള്ള 8966 0223 1171 നമ്പർ ശ്രീമതി രമാദേവിയുടെ ആധാർ നമ്പരാണ്. മാത്രവുമല്ല 2866097 ാം നമ്പർ ചെക്കിനൊപ്പം ( ആകെ തുക 9,61,200/-രൂപ) സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രൊസീഡിംഗ്സിലെയും അക്നോളഡ്ജ്മെന്റ് രസീതിലെയും പ്രൊസീഡിംഗ്സ് റഫറൻസ് നമ്പരും (PRN -2019200502B000025842) സമാനമാണ്. പ്രസ്തുത പ്രൊസീഡിംഗ്സിൽ ക്രമ നം. 14 ആയി ഉൾപ്പെടുത്തിയിട്ടുള്ളത് Rama Dev iഎന്നും അക്കൗണ്ട് നമ്പരിന്റെ കോളത്തിൽ ചേർത്തിട്ടുള്ള നമ്പർ പരാതിക്കാരിയായ ശ്രീമതി.രമാദേവി, വെച്ചൂർ മനയ്ക്കൽ, മേലുകര എന്ന ഗുണഭോക്താവിന്റെ ആധാർ (8966 0223 1171) നമ്പരുമാണ്. അതായത് 05.05.2022 ജനറേറ്റ് ചെയ്ത അക്നോളഡ്ജ്മെന്റ് രസീതിലെ രേഖപ്പെടുത്തൽ പ്രകാരം ശ്രീമതി.രമാദേവിയുടെ അക്കൗണ്ടിലേക്ക് തുക 26,700/- രൂപ ക്രെഡിറ്റ് ചെയ്യപ്പെട്ടില്ലാത്തതായി ബോധ്യപ്പെട്ടിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ കോഴഞ്ചേരി താലൂക്ക് ഓഫീസിലെ STSB അക്കൗണ്ടിലെ (നം.799011400002535) 01.05.2021 മുതൽ 05.05.2022 വരെയുള്ള സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 16/07/2021 തീയതിയിൽ EPOC Clearance Bill എന്ന റിമാർക്കോടെ ഏഴ് വിനിമയങ്ങൾ നടന്നിട്ടുള്ളതായും ആയത് പ്രകാരം 546400/-, 159800/-, 222800/-, 297600/-, 173600/-,62000/-, 77400/- എന്നീ തുകകളും, 10/12/2021 തീയതിയിൽ EPOC clr bill Sno 10402-01-08-2019 എന്ന റിമാർക്കോടെ 26,700/- രൂപയും ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകകളിൽ 10/12/2021 തീയതിയിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള 26,700/-രൂപ

അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയത് മൂലം ശ്രീമതി.രമാദേവിയ്ക്ക് ലഭിക്കാത്ത തുക അക്കൗണ്ടിൽ തിരികെ ലഭിച്ചിട്ടുള്ളതാണെന്ന് 07/05/2022 തീയതിയിൽ കോഴഞ്ചേരി തഹസീൽദാർ അറിയിച്ചിട്ടുണ്ട്. അതായത് ശ്രീമതി.രമാദേവിയ്ക്ക് ദുരിതാശ്വാസ സഹായ ഇനത്തിൽ ലഭിക്കേണ്ടിയിരുന്നതും എന്നാൽ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിൽ കോഴഞ്ചേരി താലൂക്ക് ഓഫീസിൽ വന്നിട്ടുള്ള പിഴവ് മൂലം ലഭിക്കാതിരുന്നതുമായ തുക തിരികെ കോഴഞ്ചേരി തഹസീൽദാരുടെ STSB അക്കൗണ്ടിൽ (നം.799011400002535) ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

**3) ഗുണഭോക്തൃ അക്കൗണ്ടുകളിലെ പിഴവുകൾ തിരുത്തി തുക വിതരണം ചെയ്യുന്നില്ല.**

ഗുണഭോക്തൃ അക്കൗണ്ട് നമ്പറുകൾ രേഖപ്പെടുത്തുന്നതിൽ കോഴഞ്ചേരി താലൂക്ക് ഓഫീസിൽ വന്നിട്ടുള്ള പിഴവ് മൂലം കോഴഞ്ചേരി തഹസീൽദാരുടെ STSB അക്കൗണ്ടിൽ (നം.799011400002535) നിന്നും വിതരണം ചെയ്തിട്ടുള്ള തുകകളിൽ ഗുണഭോക്തൃ അക്കൗണ്ടുകളിലെത്താത്ത **15,66,300/-** രൂപയാണ് 16/07/2021, 10/12/2021 എന്നീ തീയതികളിലായി തിരികെ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ആയത് (പ്രധാനമായും) 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് വിതരണം ചെയ്തിട്ടുള്ളതിൽ ഗുണഭോക്ത‌ാക്കൾക്ക് ലഭിക്കേ‌ണ്ടുന്ന തുകകളാണ്.

മേൽ പ്രസ്താവിച്ചിട്ടുള്ള തുകകൾ (16.07.2021 , 10.12.2021 എന്നീ തീയതികളിൽ തിരികെ ക്രെഡിറ്റ് ചെയ്തത്) യഥാർത്ഥ ഗുണഭോക്താക്കളുടെ അക്കൗണ്ടിലെ അപാകതകൾ പരിഹരിച്ച് അനുവദിക്കുന്നതിന് പ്രസ്തുത ഓഫീസ് തലത്തിലും ട്രഷറി തലത്തിലും സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് പത്തനംതിട്ട ജില്ലാ ട്രഷറി ഓഫീസറുടെ അഭിപ്രായം ആരാഞ്ഞ‌ിട്ടുണ്ട്. ആയതിന് "*കോഴഞ്ചേരി തഹസീൽദാരുടെ 799011400002535 എന്ന അക്കൗണ്ടിൽ EPOC Clearance Bill വഴി തിരികെ ക്രെഡിറ്റ് ആയ തുകകൾ വീണ്ടും ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിന് വേണ്ടി ടി അക്കൗണ്ടിന്റെ ചെക്കും തഹസീൽദാരുടെ നടപടിക്രമവും ശരിയായ ബാങ്ക് അക്കൗണ്ട് വിവരങ്ങളും ബിംസ് വഴി ട്രഷറിയിലേക്ക് E-Submit ചെയ്യേണ്ടതും, ട്രഷറിയിൽ നിന്ന് ചെക്ക് പാസ്സാകുന്ന മുറയ്ക്ക് ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആകുന്നതാണെന്നും* " മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ കോഴഞ്ചേരി താലൂക്ക് ഓഫീസിൽ നിന്നും, ട്രഷറിയുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ അക്കൗണ്ടുകളിലെ അപാകതകൾ തിരുത്തി തുക വിതരണം ചെയ്യുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

പത്തനംതിട്ട ജില്ലാ ട്രഷറി ഓഫീസറുടെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കോഴഞ്ചേരി തഹസീൽ ദാരുടെ 799011400002535 എന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ EPOC Clearance Bill വഴി തിരികെ ക്രെഡിറ്റ‌ായ തുകകൾ ആയത് ലഭിക്കേണ്ടുന്ന ഗുണഭോക്താക്കള‌ുമായി ബന്ധപ്പെട്ട് അക്കൗണ്ട് രേഖകൾ പരിശോധിച്ച് തുക ലഭ്യമായിട്ടില്ലെന്ന് ഉറപ്പ് വരുത്തി, അക്കൗണ്ടിലെ അപാകതകൾ തിരുത്ത‌ുന്നതിനും ചെക്കും അനുബന്ധരേഖകള‌്ക്കുമൊപ്പം ട്രഷറിയിൽ സമർപ്പിക്കേണ്ട ഓഫീസ് നടപടി ഉത്തരവിൽ പ്രസ്തുത വിവരങ്ങൾ വിശദമായി രേഖപ്പെടുത്തുന്നതിനും ആയത് യഥാക്രമം ട്രഷറിയിൽ സമർപ്പിച്ച് ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിന‌ുള്ള നടപടി സ്വീകരിക്കുന്നതിന് ഭരണ വകുപ്പ് നിർദേശം നൽകേണ്ടതാണ്.

**4) മറ്റ് നിർദേശങ്ങൾ**

പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട ധനസഹായ വിതരണത്തിലെ അപാകതകൾ സംബന്ധിച്ച്, ജില്ലയിലെ വിവിധ താലൂക്കുകളിൽ പത്തനംതിട്ട ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് പരിശോധന നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് വിതരണം ചെയ്തിട്ടുള്ളതും (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, സംസ്ഥാന ദുരന്തപ്രതികരണ നിധി തുടങ്ങിയവയിൽ നിന്നും) അക്കൗണ്ടുകളിലെ വിവിധങ്ങളായ അപാകതകൾ മൂലം ഗുണഭോക്താക്കൾക്ക് ലഭിക്കാത്തതുമായ തുകകൾ പ്രസ്തുത ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് ടി അക്കൗണ്ടിലെ പിഴവുകൾ തിരുത്തി തുക ഇരട്ടിപ്പ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തി വിതരണം ചെയ്യുന്നതിന് ശുപാർശ നൽകിയിട്ടുള്ളതുമാണ്. എന്നാൽ അത്തരത്തിൽ കോഴഞ്ചേരി താലൂക്കിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്നാണ് വ്യക്തമാവുന്നത്. കോഴഞ്ചേരി താലൂക്കിലെ പരിശോധനയുടെ വെളിച്ചത്തിൽ ജില്ലയിലെ എല്ലാ താലൂക്കുകളിലും ഇത്തരത്തിൽ തുടർനടപടി സ്വീകരിച്ച് അടിയന്തിരമായി തുകകൾ യഥാർത്ഥ ഗുണഭോക്താവിന് വിതരണം ചെയ്യുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നതിന് സർക്കാർ തലത്തിൽ തീരുമാനിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

**ശുപാർശകൾ**

1) കോഴഞ്ചേരി തഹസീൽദാരുടെ 799011400002535 എന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ EPOC Clearance Bill വഴി തിരികെ ക്രെഡിറ്റായ തുകകൾ ആയത് ലഭിക്കേണ്ടുന്ന ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് അക്കൗണ്ട് രേഖകൾ പരിശോധിച്ച് തുക ലഭ്യമായിട്ടില്ലെന്ന് ഉറപ്പ് വരുത്തി, അക്കൗണ്ടിലെ അപാകതകൾ തിരുത്തുന്നതിനും ചെക്കും അനുബന്ധരേഖകൾക്കുമൊപ്പം ട്രഷറിയിൽ സമർപ്പിക്കേണ്ട ഓഫീസ് നടപടി ഉത്തരവിൽ പ്രസ്തുത വിവരങ്ങൾ വിശദമായി രേഖപ്പെടുത്തുന്നതിനും ആയത് യഥാക്രമം ട്രഷറിയിൽ സമർപ്പിച്ച് ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഖണ്ഡിക-3).

2) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് വിതരണം ചെയ്തിട്ടുള്ളതും ( മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, സംസ്ഥാന ദുരന്തപ്രതികരണ നിധി തുടങ്ങിയവയിൽ നിന്നും) അക്കൗണ്ടുകളിലെ വിവിധങ്ങളായ അപാകതകൾ മൂലം ഗുണഭോക്താക്കൾക്ക് ലഭിക്കാത്തതുമായ തുകകൾ ആയത് ലഭിക്കേണ്ടുന്ന ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് ടി അക്കൗണ്ടിലെ പിഴവുകൾ തിരുത്തി തുക ഇരട്ടിപ്പ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തി അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. (ഖണ്ഡിക-4).

AJAYAKUMAR K S

അഡിഷണൽ സെക്രട്ടറി

23-06-2022